# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**

**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി .വി.എം.ജി.പി.6/1824/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി .വി.എം.ജി.പി.6/1824/2023 തീയ്യതി: 26/12/2023

## തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 06-12-2023 | 16-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2023 | 16-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലക്ഷ്മി. വി.എസ്. നായർ, ഓഡിറ്റ് ഓഫീസർ

ശ്രീമതി ആശ.ജി.ആർ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി വെർജിൻ ഷീജ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുനിതാബാബു .ബി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിജു മോഹൻ .വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി മേബിൾ ഷീല .ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലീമ .പി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 22-10-2022 |
| ശ്രീ. ജോൺ .കെ സ്റ്റീഫൻ | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |
| ശ്രീമതി ലോല | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| ശ്രീ. ഷൈൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. പ്രദീപ് | വി.ഇ.ഒ. I | 01-04-2022 | 31-03-2023 |
| കുമാരി കൃഷ്ണ | എൽ വി ഇ ഒ | 01-04-2022 | 31-03-2023 |
| ശ്രീ. സുരേഷ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രശാന്ത് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ. രാധിക | മെഡിക്കൽ ഓഫീസർ, CHC | 01-04-2022 | 14-06-2022 |
| ഡോ. നെൽസൺ | മെഡിക്കൽ ഓഫീസർ, CHC | 15-06-2022 | 31-03-2023 |
| ഡോ. മൃദുല | മെഡിക്കൽ ഓഫീസർ, ഹോമിയോ | 26-04-2022 | 31-03-2023 |
| ശ്രീമതി സോഫിയ | സീനി. വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി അഞ്ചന | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 20-02-2023 |
| ശ്രീമതി അമൃത രാജ് | ഡയറി ഫാം ഇൻസ്പെക്ടർ | 21-02-2023 | 31-03-2023 |
| ശ്രീ. ദിലീപ് കുമാർ | അഗ്രികൾച്ചർ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സന്ധ്യ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക സമയപരിധിയ്ക്കുള്ളിൽ സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | വാർഷിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ ക്രഡിറ്റ് ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല | 1-1-9 |
| 11 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾരേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-11 |
| 13 | രസീത് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-12 |
| 14 | ജേണൽ വൌച്ചറുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല. | 1-1-13 |
| 15 | പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. | 1-1-14 |
| 16 | ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-15 |
| 17 | സെക്രട്ടറിയുടെ പേരിലുളള ചുവടെ ചേർത്തിരിക്കുന്ന അക്കൌണ്ടിന്റെ വിവരങ്ങൾ ധനകാര്യപത്രികയിൽ (RP40 Bയിൽ ) ഉൾപ്പെടുത്തിയിട്ടില്ല. | 1-1-16 |
| 18 | ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-1-17 |
| 19 | ധനകാര്യപത്രികയിലെ വിവരങ്ങളും ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല | 1-1-18 |
| 20 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-19 |
| 21 | പലിശയിനത്തിലെ തുക ലഭ്യമായിട്ടില്ല. | 1-1-20 |
| 22 | ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല | 1-1-21 |
| 23 | തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരവ്, ചെലവ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-1-22 |
| 24 | Benificary Contribution എന്ന ശീർഷകത്തിലെ വരവ് ചെലവ് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ | 1-1-23 |
| 25 | ആസ്തിയിനത്തിൽ ലഭ്യമാകേണ്ട തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-24 |
| 26 | ധനകാര്യകമ്മിഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു. | 1-1-25 |
| 27 | LGTSB ട്രഷറി അക്കൌണ്ടിന്റെ ഫെബ്രുവരി 2023 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. | 1-1-26 |
| 28 | ബജറ്റ് | 1-2 |
| 29 | സാമ്പത്തിക വിശകലനം | 1-3 |
| 30 | ഗ്രാന്റ് വിനിയോഗം | 1-4 |
| 31 | പദ്ധതി അവലോകനം | 1-5 |
| 32 | ക്ഷേമപദ്ധതികൾ | 1-6 |
| 33 | സാമൂഹ്യസുരക്ഷാപെൻഷൻ– മാർഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. | 1-6-1 |
| 34 | ക്യാഷ് പരിശോധന | 1-7 |
| 35 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 36 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 37 | MGNREGS പ്രവൃത്തികൾക്ക് ഇ- ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-9-1 |
| 38 | MGNREGS പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ | 1-9-2 |

| | | |
|---|---|---|
| 39 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1-10 |
| 40 | തൊഴിൽനികുതി ഈടാക്കുന്നില്ല. | 1-11 |
| 41 | റേഷൻ ഡിപ്പോ ലൈസൻസികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-11-1 |
| 42 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-11-2 |
| 43 | തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു. | 1-11-3 |
| 44 | സ്ഥാപന നികുതി- ഈടാക്കിയിട്ടില്ല | 1-11-4 |
| 45 | ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ലേലം ചെയ്തു നൽകാത്തതു വഴി പഞ്ചായത്തിന് വരുമാന നഷ്ടം | 1-12 |
| 46 | ഗേറ്റ് ഫീസ് പിരിവ്- 5.89 ലക്ഷം കുടിശ്ശിക ഈടാക്കുന്നില്ല | 1-13 |
| 47 | ഗേറ്റ് ഫീസ് പിരിവ് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-13-1 |
| 48 | ഭരണസമിതി തീരുമാനങ്ങൾ–തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്. | 1-14 |
| 49 | അനധികൃതമായി പ്രവർത്തിച്ച് വരുന്ന ഭക്ഷണം പാകം ചെയ്തും അല്ലാതെയും വില്ക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. | 1-14-1 |
| 50 | പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന 50% ൽ അധികം സ്ഥാപനങ്ങളും FTE & OS ലൈസൻസ് എടുത്തിട്ടില്ല | 1-15 |
| 51 | റവന്യൂ വരവ്- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-16 |
| 52 | നികുതി -നികുതിയേതര വരുമാനവുമായി ബന്ധപ്പെട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടില്ല | 1-16-1 |
| 53 | വസ്തു നികുതി - അപാകങ്ങൾ | 1-17 |
| 54 | തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി ഈടാക്കുന്നില്ല. | 1-17-1 |
| 55 | സേവന ഉപനികുതി ഈടാക്കാവുന്നതാണ് | 1-17-2 |
| 56 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി നഷ്ടം ഒഴിവാക്കേണ്ടതാണ്. | 1-17-3 |
| 57 | നികുതി / നികുതിയേതര വരവുകൾ അവലോകനം | 1-18 |
| 58 | റീടെൻഷൻ തുക വികസനഫണ്ടിൽ നിന്നും പിൻവലിച്ചിട്ടില്ല. | 1-19 |
| 59 | സ്വരക്ഷ -സ്കൂൾ കുട്ടികൾക്ക് കരാട്ടെ /യോഗ പരിശീലനം -പദ്ധതി നടത്തിപ്പിലെ അപാകത-50000രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 60 | സുലേഖ സ്റ്റേറ്റ്മെൻറിലോ എ സി ആറിലോ ഉൾപ്പെടാതെ ചെലവു നടന്നിരിക്കുന്നു. | 1-21 |
| 61 | ബാങ്ക് അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-22 |
| 62 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-1365476 രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 63 | റോഡ് കണക്ടിവിറ്റി മാപ്പ് തയാറാക്കിയിട്ടില്ല. | 1-24 |
| 64 | മരാമത്ത് പ്രവൃത്തികൾ–രജിസ്റ്ററുകൾ/ഫയലുകൾ എന്നിവയുടെ പരിപാലനം തൃപ്തികരമല്ല | 1-25 |
| 65 | നികുതിയിനത്തിലെ തുകകൾ കുറവ് ചെയ്തത്- തുക ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-26 |
| 66 | തൊഴിലുറപ്പ് പദ്ധതിയിൽ ചികിത്സാചെലവിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കൂപ്പ് ചെയ്തിട്ടില്ല | 1-27 |
| 67 | അതിദാരിദ്യ ഉപപദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല - 21000 രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 68 | വാതിൽപടി സേവനം-സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല-731000രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 69 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല. | 1-30 |
| 70 | ഇ-ടെണ്ടർ ഫോം വില തനത് ഫണ്ടിലേയ്ക്ക് ലഭ്യമായില്ല. | 1-31 |
| 71 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-32 |
| 72 | ഗ്രാമകേന്ദ്രങ്ങൾക്ക് ലൈബ്രറി സംവിധാനം ഒരുക്കൽ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. 50000 -രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 73 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-34 |
| 74 | ഇഞ്ചി, മഞ്ഞൾ കൃഷി -നടീൽ വസ്തുക്കൾ പൂർണമായും വിതരണം ചെയ്തിട്ടില്ല. 11,070/- രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 75 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-36 |
| 76 | ബഡ്സ് സ്കൂൾ ആരംഭിച്ചിട്ടില്ല. | 1-37 |
| 77 | പാഥേയം പദ്ധതി- 10.04 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-38 |
| 78 | കുടുംബശ്രീ ഓണം വിപണന മേളയ്ക്ക് വികസന ഫണ്ട് - 20,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-39 |
| 79 | വയോജനങ്ങൾക്ക് കട്ടിൽ - വാങ്ങൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | 1-40 |
| 80 | ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭകളിൽ അംഗീകരിച്ച് പദ്ധതി നിർവഹണം നടത്തുന്നില്ല. | 1-41 |
| 81 | PMAY വിഹിതം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-2370000 രൂപ തടസ്സപ്പെടുത്തുന്നു. | 1-42 |
| ഭാഗം **2** | | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.08.2023 ലെ 3(1) -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 10.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആര്യനാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആര്യനാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യപത്രിക സമയപരിധിയ്ക്കുള്ളിൽ സമർപ്പിച്ചിട്ടില്ല.

**1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9 (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ ആ സാമ്പത്തിക വർഷം അവസാനിച്ച് നാലു മാസത്തിനകം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.**

**എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക കമ്മിറ്റി അംഗീകരിച്ചിരിക്കുന്നതും AIMS സോഫ്റ്റ്‌വെയർ മുഖേന ഓഡിറ്റിന് സമർപ്പിച്ചിരിക്കുന്നതും 10.08.2023 നാണ്.**

**ILGMS ലുള്ള പരിചയക്കുറവ് മൂലം വന്ന അപാകതകൾ പരിഹരിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് AFS സമയബന്ധതമായി സമർപ്പിക്കാൻ സാധിക്കാത്തത്. ഈ വർഷം മുതൽ ജൂലായ് 31 ന് മുൻപ് സമർപ്പിക്കുന്നതാണെന്നും വിശദീകരണം ലഭ്യമാക്കായിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം 9/08.12.2023 )**

### 1-1-2 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ് ) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ , നോട്സ് ഓൺ അക്കൌണ്ട്സ് എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-3 വാർഷിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല.

ഉദാ- തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് B1 ഷെഡ്യൂളിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

ILGMS റിപ്പോർട്ടിൽ B1ഷെഡ്യൂൾ ലഭ്യമല്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (7606501) , മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (57344783)പൊരുത്തപ്പെടുന്നില്ല.

Cash Flow Statement Automatic ആയി ജനറേറ്റ് ആയി വരുന്ന റിപ്പോർട്ടാണെന്നും അപാകത IKM ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. (ഓഡിറ്റ് അന്വേഷണം നം 9/18.12.23)

### 1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള തുകകളും പൊരുത്തപെടുന്നില്ല.

MGNREGS രണ്ട് അക്കൌണ്ടുകളിലായി ആർ പി 40 B പ്രകാരം 11,254/-രൂപ നീക്കിയിരിപ്പുണ്ട്. ( കാനറാബാങ്ക് അഡ്മിൻ ഫണ്ട് - Rs 7190/-, Canara Bank 1466101032741 - 4064/- ) . ബാലൻസ് ഷീറ്റ് B4ഷെഡ്യൂൾ പ്രകാരം ഈയിനത്തിലെ നീക്കിയിരിപ്പ് 18,851/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-1-6 ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ ക്രഡിറ്റ് ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

LGTSB ട്രഷറി അക്കൌണ്ടിന്റെ ഫെബ്രുവരി 2023 ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheques Deposited But Not Credited എന്നയിനത്തിൽ കളക്ഷനാകുന്നതിനുള്ള സമയപരിധികഴിഞ്ഞചെക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. ട്രഷറി അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാങ്ക് അക്കൗണ്ടിൽ ടി തുക ക്രഡിറ്റ് ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ബാങ്ക് ബുക്ക് , റീകൺസിലിയേഷൻ പത്രിക (2/2023) എന്നിവ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻസ്ട്രുമെന്റ് നം , തീയതി | തുക | വരവിനം |
|---|---|---|
| 1220000103/24-08-2022 | 21,862 | Contractors Retension |
| 1220000102/19.08.2022 | 34,350 | തൊഴിൽ നികുതി ജീവനക്കാർ |
| 1220000096 /01-08-2022 | 4,287 | Amount Payable To Other Creditors |
| 1220000109/27.08.22 | 270 | Service Charge Collected |
| ആകെ | 60,769/- | |

31.3.2023ലെ റീകൺസിലിയേഷൻ റിപ്പോർട്ടിൽ ടി ചെക്കുകൾ ഉൾപ്പെട്ടിട്ടില്ല.60769/- രൂപ അക്കൌണ്ടിൽ വരവു വന്ന തീയതി ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി , വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് *(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).* നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ മാർക്കറ്റ് സ്റ്റാളിന്റെ വരവ് രേഖപ്പെടുത്തുന്ന രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ ഇപ്രകാരം സംക്ഷിപ്തം രേഖപ്പെടുത്തി കൃത്യമായി സൂക്ഷിക്കുന്നില്ല.

## 1-1-8 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല.

ഉദാ- സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് *(ഉദാഹരണമായി മാർച്ച് 2023* ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ*)* ബാലൻസ് ഷീറ്റ് ബി *9* ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-9 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല

സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി *B-14 Stock In Hand (Inventories)*- ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-10 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾരേഖപെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201500/31.03.2023 |

| | | |
|---|---|---|
| 110100102 | Property Tax On Non Residential Buildings | 431910101/31.03.23 |

## 1-1-11 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

ഉദാ-മെയിന്റനൻസ് ഫണ്ട് (റോഡ്, നോൺ റോഡ്) , വികസനഫണ്ട് (ജനറൽ), ധനകാര്യകമ്മിഷൻ ഗ്രാന്റ് എന്നീ ശീർഷകങ്ങളിൽ ആസ്തി നിർമാണത്തിനായി ലഭ്യമായ തുക മാത്രമേ Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളൂ.തനത് ഫണ്ട് പ്രകാരം ആസ്തി നിർമാണത്തിനായി ചെലവഴിച്ച തുക പ്രസ്തുത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| പ്രോജക്ട് നം , പേര് | നിർവഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക |
|---|---|---|
| 218/23 ടേക്ക് എ ബ്രേക്ക് | അസിസ്റ്റന്റ് എഞ്ചിനീയർ | 781423 |
| 242/23, പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | സെക്രട്ടറി | 202806 |

തനത് ഫണ്ട് ഉപയോഗിച്ച് ആസ്തി ക്രിയേറ്റ് ചെയ്യുമ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതില്ല.Income And Expenditure ലെ Net Balance Gross Deficit/surplus ഓട്ടോമാറ്റിക്കായി ബാലൻസ് ഷീറ്റിലെ ഫണ്ടിനോടൊപ്പം ചേർക്കുന്നുണ്ട് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന്(നം.9/18.12.23) മറുപടി ലഭ്യമാക്കിയത്. ഇതിന്റെ ആധികാരികത വിശദമാക്കേണ്ടതാണ്.

## 1-1-12 രസീത് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

ആർ.പി 4 ( 140500209) പ്രകാരം Restoration Charges For Road Cutting എന്നയിനത്തിൽ 5കോടി രൂപ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. ധനകാര്യപത്രികയിൽ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന പ്രസ്തുത തുക 1 ൽ ആരംഭിക്കുന്ന ശീർഷകത്തിലാണ് വരവുവച്ചിരിക്കുന്നത് . തുക ബാധ്യത ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ചെലവുകഴിഞ്ഞുള്ള തുകയുടെ വിവരങ്ങൾ ബാലൻസ്ഷീറ്റിലും ( B4) രേഖപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-13 ജേണൽ വൌച്ചറുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.

ജേണൽ വൌച്ചർ നം 42201558/ 31.03.2023മുഖേന 2,60,043/-രൂപ Benificary Contribution Utilised എന്നയിനത്തിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സുലേഖ പത്രിക പ്രകാരമുള്ള 2022-23 വർഷത്തെ ചെലവ് 225788/- ആണ്. വ്യത്യാസം 34,255/- രൂപ . ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

തനത് ഫണ്ടിൽ നിന്നും തിരികെ നൽകിയത് സുലേഖയിൽ ചെലവ് കാണിക്കാൻ വിട്ടുപോയതുകൊണ്ടാണ് സുലേഖയിൽ ചെലവ് കുറവായി കാണിച്ചിരിക്കുന്നതെന്നാണ് പഞ്ചായത്തിൽ നിന്നും മറുപടി (നം 15/8.12.23)ലഭ്യമാക്കിയത്. മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-14 പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

ധനകാര്യപത്രിക പ്രകാരം ആസ്തി നിർമാണത്തിനായി വിവിധ പ്രോജക്ടുകൾ മുഖേന 2022-23 വർഷം ഭാഗികമായി നൽകിയ (Capital Work In Progress) തുക 51,18,883/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

## 1-1-15 ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി | 53304012 | 13980000 | 8321471 | 58962541 |

ലെഡ്ജർ പ്രകാരം (330500201) ചെലവിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് 8321471/- എന്നാണ് . വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 48-ലൈഫ് മിഷൻ പദ്ധതി,പ്രോജക്ട് നം 49 ലൈഫ് മിഷൻ പദ്ധതി-പട്ടികജാതി എന്നിവ പ്രകാരം യഥാക്രമം

380,000/-രൂപ, 180,000/- രൂപയുടെ ചെലവുകൾ കൂടി Secured Loansഎന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സുലേഖ പത്രിക പ്രകാരമുള്ള ചെലവ് 7761471/- രൂപ മാത്രമാണ്.

പ്രസ്തുത പേയ്മെന്റുകൾ ഹെഡ് മാറി ചെയ്തതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

**1-1-16 സെക്രട്ടറിയുടെ പേരിലുള്ള ചുവടെ ചേർത്തിരിക്കുന്ന അക്കൌണ്ടിന്റെ വിവരങ്ങൾ ധനകാര്യപത്രികയിൽ (RP40 Bയിൽ ) ഉൾപ്പെടുത്തിയിട്ടില്ല.**

ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിവരം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| അക്കൌണ്ട് നം | അക്കൌണ്ട് ആരംഭിച്ച തീയതി | |
|---|---|---|
| ഫെഡറൽ ബാങ്ക് ആര്യനാട് ശാഖ-1935010087764 | 17.03.2023 | ധനകാര്യഇടപാടുകളില്ല |
| കാനറാ ബാങ്ക് ആര്യനാട് ശാഖ - 110042885784 | 22.03.2023 | |

ഫെഡറൽ ബാങ്ക് അക്കൗണ്ട് വിവരം ILGMSസോഫ്റ്റ് വെയറിലും ലഭ്യമല്ല.

**1-1-17 ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.**

| അക്കൌണ്ട് നം | നീക്കിയിരിപ്പ് |
|---|---|
| Co-Op Bank Account Of Own Revenue Fund | 2291113 |
| Canara Bank Rurban Mission(1466101037782) | 0 |

ആര്യനാട് ഗ്രാമപഞ്ചായത്തിൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ഓഫ് Own Fund അക്കൌണ്ട് നിലവിലില്ലാ എന്നും ഇത് സോഫ്റ്റ്െയർ എറർ കാരണം ഓട്ടോമാറ്റിക് ആയി ജനറേറ്റ് ആയതെന്നും ടി അക്കൌണ്ട് View ചെയ്യാനോ രേഖപ്പെടുത്തലുകൾ വരുത്താനോ പരിശോധിക്കാനോ സാധ്യമല്ല എന്നും ടി അക്കൌണ്ട് ഡിലീറ്റ് ചെയ്ത് നൽകുവാൻ IKM നോട് ആവശ്യപ്പെടുന്നതുമാണ് എന്നാണ് പഞ്ചായത്ത് മറുപടി (നം.9/8.12.23)ലഭ്യമാക്കിയത്.

**1-1-18 ധനകാര്യപത്രികയിലെ വിവരങ്ങളും ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല**

(എ) Distress Releif Fund അക്കൌണ്ടിന്റെ പാസ് ബുക്ക്(ഫെഡറൽ ബാങ്ക് അക്കൌണ്ട് നം 19350100087756), RP40(b)(ബാങ്ക് ബുക്ക്) എന്നിവ പ്രകാരം 31.03.2023 ലെ നീക്കിയിരിപ്പ് 35,000/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി 2 ഷെഡ്യൂളിൽ ആയത് 45,000/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

വരവ് RP28 പ്രകാരം 45000/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പാസ് ബുക്ക് പ്രകാരം തൻവർഷ വരവ് 35000/- രൂപയാണ്.

(ബി) IDBI ബാങ്കിന്റെ (അക്കൌണ്ട് നം 46104000255707, സ്വച്ഛ് ഭാരത് മിഷൻ) ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

| | ബാങ്ക് ബുക്ക് പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | ആർ പി 30 പ്രകാരം |
|---|---|---|---|
| വരവ് | 2882228/- | 2192780/- | 2266976/- |

**1-1-19 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല**

NREGS സൂക്ഷിച്ചിട്ടുള്ള മുൻകൂർ രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്യാനുള്ള തുക 19,83,861/- രൂപയാണ് . എന്നാൽ ധനകാര്യപത്രികയിൽ Advance To MahataGandhi NREGA/AUEGS Administrative Expense എന്ന ഹെഡിൽ 24,76,632/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

**1-1-20 പലിശയിനത്തിലെ തുക ലഭ്യമായിട്ടില്ല.**

ആര്യനാട് സർവീസ് കോ- ഓപ്പറേററീവ് സഹകരണ ബാങ്കിന്റെ അക്കൌണ്ട് സ്റ്റേറ്റ്മെന്റ് , ആർ പി *40* ബി എന്നിവ പ്രകാരം നീക്കിയിരിപ്പ് *9,878/-*രൂപയാണ്. പാസ് ബുക്ക് പ്രകാരം *2017* സാമ്പത്തിക വർഷം മുതൽ പലിശയിനത്തിലുള്ള തുകകൾ മാത്രമാണ് അതത് വർഷങ്ങളിൽ വരവായി ലഭിച്ചിരിക്കുന്നത്. എന്നാൽ *2019-20* സാമ്പത്തിക വർഷം പഞ്ചായത്തിന് പലിശ ലഭ്യമായിട്ടില്ല.

ബാങ്കിൽ കത്ത് കൊടുത്ത് പലിശ കൃത്യമായി ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കി.

**1-1-21 ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല**

ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ I17(A)ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-22 തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരവ്, ചെലവ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല**

ധനകാര്യപത്രികയിൽ I6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ് , ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവ് (I6 പ്രകാരം) | ചെലവ് | | ആകെ ചെലവ് ( | വ്യത്യാസം |
|---|---|---|---|---|
| | I14 C | I14 F | | |
| 76711062 | 75274000 | 5855 | 75279855 | 1431207 |

**1-1-23 Benificary Contribution എന്ന ശീർഷകത്തിലെ വരവ് ചെലവ് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ**

| മുന്നിരിപ്പ് | വരവ് | ചെലവ് | ചെലവ് (സുലേഖ പ്രകാരം ) | നീക്കിയിരിപ്പ് |
|---|---|---|---|---|
| 17013 | 244761 | 261774 | 225788 | 0 |

**1-1-24 ആസ്തിയിനത്തിൽ ലഭ്യമാകേണ്ട തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല**

ഇ-ടെണ്ടർ ഫോറവിലയിനത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട തുക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. 2022-23 വർഷം ഇ-ടെണ്ടർ ഫോറവിലയിനത്തിൽ പഞ്ചായത്തിന് വരവ് ലഭിച്ചിട്ടില്ല. ഇ-ടെണ്ടർ ഫോറവിലയിനത്തിൽ ലഭ്യമാകേണ്ട തുകയുടെ വിശദാംശങ്ങൾ ഓഡിറ്റ് അന്വേഷണം നം 13/11.12.23 മുഖേന ആവശ്യപ്പെട്ടുവെങ്കിലും വിവരം ലഭ്യമാക്കിയിട്ടില്ല.

**1-1-25 ധനകാര്യകമ്മിഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.**

| നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് പ്രകാരം (ബി 17 ഷെഡ്യൂൾ പ്രകാരം ) | ബാലൻസ്ഷീറ്റ് (ബി4 ഷെഡ്യൂൾ പ്രകാരം ) |
|---|---|---|
| | 5402903 | 2962282 |

**1-1-26 LGTSB ട്രഷറി അക്കൌണ്ടിന്റെ ഫെബ്രുവരി 2023 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| Bank Book | -3,240,432.00 |
| Add<br>Cheque Issued But Not Presented Into Bank (P) | 5,386,032.00 |
| Directly Credited By Bank | 7,185,105.00 |
| Less<br>Cheque Deposited But Not Cleared | 2,292,619.00 |

| | |
|---|---|
| Directly Debited By Bank | 6,369,949.00 |
| Passbook Balance | 668,137.00 |

മാർച്ച് 2023 ലെ റീ കൺസിലിയേഷൻ പത്രികയിൽ വിവിധ ശീർഷകങ്ങളിൽ ക്രമീകരിക്കാനുണ്ടായിരുന്ന ചെക്കുകളുടെ വിശദാംശങ്ങൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത തുകകൾ ഏതെല്ലാം ശീർഷകത്തിൽ ക്രമീകരിച്ചുവെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ മാർച്ച് 2023 ലെ റീകൺസിലിയേഷൻ പ്രക്രിയയുടെ കൃത്യത ബോധ്യപ്പെടാനായിട്ടില്ല.

ഓരോ മാസത്തെയും Reconciliation ചെയ്ത് വരുമ്പോൾ അതാത് മാസം ബാങ്ക് ബുക്കിൽ വരാത്ത വരവുകളും ചെലവുകളും Directly Credited/Directly Debited ആയി കാണിച്ചാണ് Reconcile ചെയ്ത് വരുന്നത്. ഇത്തരത്തിൽ ഉള്ള വരവുകളും ചെലവുകളും തുടർന്നുള്ള മാസങ്ങളിൽ വന്നുവെങ്കിലും ഇവ Direct Transaction ആയി ലിങ്ക് ചെയ്ത് കൊടുത്ത് ക്രമീകരിച്ചത് മാർച്ച് മാസത്തിലാണ് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം 15/11.12.23)മറുപടി ലഭ്യമാക്കിയതെങ്കിലും മേൽ പരാമർശിച്ച പ്രകാരമുള്ള തുകകൾ ഏതൊക്കെ ശീർഷകങ്ങളിൽ ക്രമീകരിച്ചുവെന്നതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് , റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസാക്കിയ തീയതി | 30.03.2022 | 17.02.23 |
| ഭരണസമിതി തീരുമാനം നം | 1(1) | 3(1) |
| മുന്നിരിപ്പ് | 1752673 | 1752673 |
| പ്രതീക്ഷിത വരവ് | 276977561 | 276977561 |
| പ്രതീക്ഷിത ചെലവ് | 276757000 | 281277465 |
| നീക്കിയിരിപ്പ് | 1973234 | -2547231 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാ ധാ)നം.3291/2016/ ത സ്വ ഭ വ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങളും നിശ്ചയിച്ചിട്ടുണ്ട്.

ബജറ്റ് പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

. 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **( നം 5/06.12.2023 )** മറുപടി ലഭ്യമാക്കിയിട്ടില്ല.

. ബജറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.

. ബജറ്റിനോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന BS 13ഷെഡ്യൂളിൽ - "Receipt And Refund Of Deposit " 2020-21 സാമ്പത്തിക വർഷത്തെ എസ്റ്റിമേറ്റുകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2022-23 വർഷത്തെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല.

. ബജറ്റ് ഷെഡ്യൂൾ BS-8 പ്രകാരം Establishment Expenses, Administrative Expenses എന്നീ ശീർഷകങ്ങളിൽ യഥാക്രമം Rs 12941700/-,Rs 2042800/- രൂപ വീതം വകയിരുത്തിയിട്ടുണ്ടെങ്കിലും ധനകാര്യപത്രിക പ്രകാരമുള്ള ഈയിനത്തിലെ ആകെ ചെലവ് 500/- രൂപ മാത്രമാണ് ( RP13-പ്രകാരം ).

അപാകതകൾക്ക് വ്യക്തത വരുത്താനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( **നം 5/06.12.2023** ) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയാറാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 26534785 |
| ഓഡിറ്റ് വർഷത്തെ വരവ് | 123272655 |
| ആകെ | 149807440 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65927872 |
| നീക്കിയിരിപ്പ് | 83879568 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഫണ്ട് വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20309527 | 20309527 | 27292005 | -6982478 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6815704 | 6815704 | 7078685 | -262981 |
| വികസനഫണ്ട് (റ്റി എസ്.പി) | 0 | 777836 | 777836 | 1107000 | -329164 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 14864449 | 14864449 | 8347011 | 6517438 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5212200 | 5212200 | 7482547 | -2270347 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 14853000 | 14853000 | 14456688 | 396312 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 9235000 | 9235000 | 9035308 | 199692 |
| CSS | 0 | 0 | 0 | 3762220 | -3762220 |
| SSS | 0 | 0 | 0 | 3170000 | -3170000 |

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 6664013 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1445400 |
| വികസന ഫണ്ട്-ജനറൽ | 1%കുറവുവരുത്തിയ തുക | 287060 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 767294 |
| വികസന ഫണ്ട്- റ്റി എസ് പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 330164 |

2) ഹെൽത്ത് ഗ്രാന്റ് പ്രകാരമുള്ള വരവ് , ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ,03.07.2018 ലെ സ.ഉ(അ)100/2018/ധന.,24.01.2019

ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2022-23 വർഷം നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700204 | 1127757 | ബ്ലോക്ക് പഞ്ചായത്ത് |
| 2 | 320700205 | 1497636 | ജില്ലാപഞ്ചായത്ത് |
| 3 | 320700405 | 199500 | ജില്ലാ പഞ്ചായത്ത്. |

4) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

5) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെട്രിക് ഉപകരണങ്ങൾ , അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി നിശ്ചിതനിരക്കിലുമധികം തുക വകയിരുത്തുകയും (7,31,000/-രൂപ) 651836/- രൂപ ചെലവഴിക്കുകയും ചെയ്തിരിക്കുന്നു. (പ്രോജക്ട് നം 10/23) . തുക അധികമായി വകയിരുത്തിയതിന് കാരണവും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

6) സ.ഉ( കൈ) നം 179/2022ധന തീയതി 18.10.22 ഉത്തരവ് പ്രകാരം തനത് വരുമാനത്തിൽ ഡിമാന്റ് ചെയ്യുന്ന 90% എങ്കിലും ശേഖരിക്കാത്ത പഞ്ചായത്തുകൾക്ക് മൂന്നാം ഗഡുവായി അനുവദിക്കുന്ന വികസനഫണ്ട് (പൊതുവിഭാഗം) ന്റെ 1% തുക ശിക്ഷ എന്നവിധത്തിൽ കുറവ് വരുത്തുന്നുണ്ട്. ഇപ്രകാരം ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട്(പൊതുവിഭാഗം) ൽ നിന്നും 2,87,060/-രൂപ കുറവ് ചെയ്തിട്ടുണ്ട്.തനത് വരുമാനം കുറയാനുള്ള കാരണം വ്യക്തമല്ല.

7) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുന്നില്ല. ( CSS, SSS എന്നായിനത്തിലെ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു) .

8) സ.ഉ (കൈ) നം. 84/2022 / ത.സ്വ.ഭ.വ തീയതി 19.04.2022 ഉത്തരവ് ഖ.6.1 പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി സംസ്ഥാന ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിക്കുന്ന തുക പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ തയ്യാറാക്കേണ്ടതും പ്രസ്തുത വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ബജറ്റ് അലോക്കേഷൻ പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ 75,83,000/- രൂപയിൽ 70,78,685/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവ്- 93%). പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചിട്ടില്ല.

7) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100198 | Grants From Suchitwa Mission | 6491023 |

| | | |
|---|---|---|
| 320200399 | Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsored Scheme Funds- Other Purposes | 1050000 |
| 320300199 | Grants, Funds & Contributions For Specific Purposes – Other Govrnment Agencies | 12532 |
| 320400199 | Grants, Funds & Contributions For Specific Purposes – Other Financial Instittutions | 8330000 |

8) 2021-22 വർഷത്തെ ബി 4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരുന്ന ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320900299 | Other Awards From State Government | 100000 |
| 350200301 | Recoveries Payable Covid | 139100 |

9) B-9 ഷെഡ്യൂളിലെ 35040999 Refund Of Unutilized Grants – Prior Period എന്നയിനത്തിൽ 34,060/- രൂപ നീക്കിയിരിപ്പായി (മുൻവർഷത്തെ അതേ തുക ) അവശേഷിക്കുന്നു. ആയത് ഏതിനത്തിലെ തുകയാണെന്നും, തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുവരുത്താത്തതിന് കാരണവും വ്യക്തമല്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം11 /11.12.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.


## 1-5 പദ്ധതി അവലോകനം

1) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഗ്രാന്റ് ലഭ്യത, ചെലവഴിച്ച തുക എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.


| 1 | 2 | 3 | 4 |
|---|---|---|---|
| ഫണ്ടിനം | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | ക്യാരി ഓവറായി ലഭിച്ചത് കുറച്ച് നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസനഫണ്ട് സാധാരണ വിഹിതം | 28706000 | 27292005 | 1413995 |
| വികസന ഫണ്ട് (എസ്.സി.പി) | 7583000 | 7078685 | 504315 |
| വികസന ഫണ്ട് (ടി.എസ്.പി) | 1108000 | 1107000 | 1000 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 9235000 | 9035308 | 199692 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 14853000 | 14456688 | 396312 |
| **ആകെ** | **61485000** | **58969686** | **2515314** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




2) **2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 22 | 15 | 7 | 5372472 | 1972483 | 36.71% |
| വെറ്റിനറി സർജൻ | 11 | 9 | 2 | 3517480 | 2459274 | 69.91% |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 8 | 6 | 2 | 2468283 | 1928017 | 78.11% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 0 | 1160000 | 1160000 | 100% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 0 | 0 | 0 | 0 | 0 | 0 |
| വി.ഇ.ഒ | 15 | 14 | 1 | 76171956 | 16713670 | 21.94% |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 13 | 9 | 4 | 6434700 | 5160055 | 80.19% |
| സെക്രട്ടറി | 43 | 34 | 9 | 30464175 | 19499572 | 64% |
| അസി.സെക്രട്ടറി | 10 | 10 | 0 | 2278012 | 1521736 | 66.80% |
| ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 3 | 0 | 2600000 | 2034640 | 78.25% |

| | | | | | | |
|---|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ്ഫിഷറീസ് | 2 | 2 | 0 | 265728 | 98268 | 36.98% |
| എ.ഇ എൽ. എസ്.ജി.ഡി | 100 | 55 | 45 | 96637414 | 46617284 | 48.23% |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 8 | 7 | 1 | 2596218 | 1997232 | 76.92% |

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 36101976 | 27292005 | 75.59% |
| എസ്.സി.പി. | 8350294 | 7078685 | 84.77% |
| ടി.എസ്.പി. | 1424914 | 1107000 | 77.68% |
| ധനകാര്യ കമ്മിഷൻ അവാർഡ് | 27866299 | 15829558 | 56.80% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 10430816 | 3762220 | 36.06% |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 49430000 | 3170000 | 6.41% |
| തനത് ഫണ്ട് | 41802363 | 14307874 | 34.22% |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 7750965 | 2357875 | 30.42% |
| മറ്റ് ജില്ലാ പഞ്ചായത്ത് | 19502947 | 2159131 | 11.07% |
| മെയിന്റനൻസ് നോൺ റോഡ് | 11109166 | 9035308 | 81.33% |
| മെയിന്റനൻസ്റോഡ് | 15453000 | 14456688 | 93.55% |
| മറ്റുള്ളവ | 72812325 | 3915788 | 5.4% |
| ഹെൽത്ത് ഗ്രാന്റ് | 743698 | 605887 | 81.46% |
| ആകെ | 303522461 | 105683906 | 34.81% |

**ആസൂത്രണ സമിതി**

മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 20.12.2021 1( 2)-ാം നമ്പർ തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലയിലേയും വികസന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ് .എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയുമായി ചർച്ച നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

കുടുംബശ്രീ

അഗതി രഹിത കേരളം,ആശ്രയ,തൊഴിൽയൂണിറ്റ് ഓണം വിപണന മേള ,പാഥേയം എന്നീപദ്ധതികൾ കുടുംബശ്രീയുമായി സംയോജിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്.

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖാന്തിരമാണ് ഭക്ഷണവിതരണം നടപ്പിലാക്കിയിട്ടുള്ളത്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ഉപയോഗിച്ചിട്ടില്ല. പാഥേയം പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ടിഫിൻ ബോക്സ് വാങ്ങിയിട്ടുണ്ട്.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കൃത്യമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

## 1-6 ക്ഷേമപദ്ധതികൾ

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5688000 |
| വിധവാപെൻഷൻ | 22751200 |
| വാർദ്ധക്യകാല പെൻഷൻ | 31164400 |

| | |
|---|---|
| വികലാംഗ പെൻഷൻ | 5592000 |
| വിവാഹധനസഹായം | 270000 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 896000 |

## 1-6-1 സാമൂഹ്യസുരക്ഷാപെൻഷൻ- മാർഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

സർക്കുലർ നമ്പർ 63/2021/ധന തീയതി 02.08.2021 പ്രകാരം 2022 ഡിസംബർ മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടതിൽ, പ്രാദേശിക സർക്കാരിലെ രേഖകൾ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ആരും തന്നെ പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും 25.03.2023 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതും സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ് എന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർട്ടിഫിക്കറ്റ് സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിശദാംശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് **(നം 26/14.12.2023)** ലഭ്യമാക്കിയ മറുപടിയിൽ പരാമർശിത സർട്ടിഫിക്കറ്റ് സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടില്ല എന്നും തുടർന്നുള്ള വർഷങ്ങളിൽ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

സർക്കാർ ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15/12/2023 തീയതിയിൽ 12.55Pm -ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 529/-(അഞ്ഞൂറ്റി ഇരുപത്തി ഒൻപത് രൂപ) യുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

1.ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടത്തേണ്ടതാണ്. സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം,ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും,നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല. പ്രത്യേകമായി റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല. ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

2. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

3.ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗ് കൃത്യമായി കൂടുന്നുണ്ട്.സ്റ്റാഫ് മീറ്റിംഗ് മിനിട്സ് പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പിരിവ് 2021-22 ലെ കുടിശ്ശിക പൂർണ്ണമായി ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ തീരുമാനത്തിന്മേൽ എടുത്ത തുടർ നടപടി വിവരം ലഭ്യമാക്കിയില്ല.

4.തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

5.ഷോപ്പിങ് കോംപ്ലക്സിലെ കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല.

6.ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കിയതിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7.ഭരണസമിതി തീരുമാനങ്ങൾക്ക് സമയബന്ധിതമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

8. ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭകളിൽ അംഗീകരിച്ച് പദ്ധതി നിർവഹണം നടത്തുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

9.ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

ധനകാര്യപത്രിക പ്രകാരമുള്ളവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭരണചെലവുകൾ (രസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം )

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2701 | *1845853 (RP പ്രകാരം ) | 1848554 | ***1837300 | **11254 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ തുക | 0 | **** 75274000 | 75274000 | 75274000 | 0 |

* അഡ്മിൻ വരവുകൾ കാനറാ ബാങ്ക് (Admin Fund 11004938039), കാനറാബാങ്ക് (1466101032741) എന്നീ അക്കൌണ്ടുകളിലാണ് ലഭ്യമായത് . RP 30(R) പ്രകാരം MGNREGS ( Head Code- 320100128) , RP 35(R) പ്രകാരം Liability In Respect Of Stale Cheque (Head

Code-350800101) എന്നീ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ [യഥാക്രമം 1453212/- , (392641/-(മെറ്റീരിയൽ ഫണ്ട് മാത്രം) ] ആകെത്തുകയാണ് ഭരണനിർവഹണ ചെലവുകൾക്കുള്ള ആകെ വരവ് ( 1845853/- ) .

(രസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള വിവരങ്ങൾ കാഷ്ബുക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുണ്ട്)

** നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുക 11254/- രൂപ (ആർ പി 40ബി പ്രകാരം രൂപ രണ്ട് അക്കൌണ്ടുകളിലെ നീക്കിയിരിപ്പാണ്.

*** ചെലവു തുക 1837300/- രൂപയുടെ വിശദാംശങ്ങൾ

| | |
|---|---|
| 392641/- | Liability In Respect Of Stale Cheque (RP35(P) 392641/- |
| 325/- | Bank Charges ..RP 35ൽ Amount Payable To Other Creditors എന്ന ശീർഷകത്തിൽ 325/- രൂപ ബുക്ക് ചെയ്തിട്ടുണ്ട്. |
| 14,44,334/- | തനത് ഫണ്ടിലേയ്ക്ക് റീ ക്ലപ്പ് ചെയ്തു. (കോൺട്രാ എൻട്രി). ജേണൽ വൌച്ചർ 42201475/31.03.2023 മുഖേന 320100102എന്ന ശീർഷകത്തിൽ തുക ഡെബിറ്റ് ചെയ്തിട്ടുണ്ട്. Afs ൽ വരവായി RP 49 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 1837300 | ആകെ |

**** (A)ഉണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്ന തുക , ഭരണചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള ആകെ തുകകൾ ഇൻകം ആന്റ് എക്സ്പൻഡിച്ചർ (I6) സ്റ്റേറ്റ്മെന്റിലാണ് രേഖപ്പെടുത്തുന്നത്. എന്നാൽ I6 പ്രകാരമുള്ള വരവ് , I14(C,F) എന്നിവയിലെ ചെലവുതുകകളുമായി പൊരുത്തപ്പെടുന്നില്ല.

ധനകാര്യപത്രികയിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| I6 പ്രകാരം വരവ് | ചെലവ് | | |
|---|---|---|---|
| | I14 Cപ്രകാരം | I14 F പ്രകാരം | ആകെ ചെലവ് |
| 76711062 | 75274000 | 5855 | 75279855 |

ഇൻകം ആന്റ് എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ വരവ് ചെലവുകൾ പൊരുത്തപ്പെടുന്നില്ല. ( വ്യത്യാസം1431207). വ്യത്യാസമുള്ള തുക ഏത് ശീർഷകത്തിൽ ബുക്ക് ചെയ്തതെന്ന് വ്യക്തമാക്കിയിട്ടില്ല.

(B) ഉണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്ന തുക EFMS സ്റ്റേറ്റ്മെന്റ് പ്രകാരം 75257000/-ആണ്. വ്യത്യാസം (117000)

കണക്കുകളിലെ പൊരുത്തക്കേടുകൾക്ക് വ്യക്തതവരുത്താനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-9-1 MGNREGS പ്രവൃത്തികൾക്ക് ഇ- ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ജി.ഒ(ആർ ടി) നം 2487/2016 ത.സ്വ.ഭ.വ തീയതി 20.08.2016 ഖണ്ഡിക 3.4.2.3 പ്രകാരം 5 ലക്ഷത്തിലധികം വരുന്ന വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ടെണ്ടർ നിബന്ധനകളിൽ ദർഘാസുകൾ സംബന്ധിച്ച് PWD/LSGD ഡിപ്പാർട്ട്മെന്റുകളിലെ നിലവിലുള്ള വ്യവസ്ഥകൾ ബാധകമായിരിക്കും എന്ന് രേഖപ്പെടുത്തിട്ടുണ്ട്. എന്നാൽ 28 പ്രവൃത്തികളിലായി 1,23,39,895/- രൂപയുടെ മെറ്റീരിയൽ സപ്ലൈ ചെയ്യാൻ ഇ- ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 23, തിയതി :14/12/2023) മെറ്റീരിയൽ സപ്ലൈ ചെയ്യേണ്ടിയിരുന്നത് വിവിധ വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ ആയതിനാൽ ഇ-ടെണ്ടർ ചെയ്യുന്ന അവസരത്തിൽ വിവിധയിനം മെറ്റീരിയലുകൾ തരംതിരിച്ച് പല വെണ്ടർമാർ ടെണ്ടർ ഏറ്റെടുത്താൽ സമയബന്ധിതമായി സൈറ്റുകളിൽ മെറ്റീരിയലുകൾ ലഭ്യമാക്കുന്നത് പ്രായോഗികമല്ലാത്തതിനാലാണ് ഇ-ടെണ്ടർ നടപടി സ്വീകരിക്കാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ടെണ്ടർ നടപടിക്കുശേഷം കരാറിലേർപ്പെടേണ്ടതും ഓരോ സൈറ്റിലും എസ്റ്റിമേറ്റിനു അനുസൃതമായി പ്രവൃത്തി ആരംഭിക്കുന്ന മുറയ്ക്ക് ആവശ്യാനുസരണം പർച്ചേസ് ഓർഡർ നൽകി മെറ്റീരിയൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതുമാണ് .സർക്കാർ മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി

നിർവഹണം നടത്തുന്നതിന് മുൻഗണന നൽകേണ്ടതാണ്.

## 1-9-2 MGNREGS പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ

1) 2021-22 സാമ്പത്തിക വർഷത്തെ മെറ്റീരിയൽ വർക്കുകളുടെ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായുള്ള ടെണ്ടർ നടപടികൾ 03/02/2022 നാണ് ആരംഭിച്ചിരിക്കുന്നത്. ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കാലതാമസം നേരിട്ടിരിക്കുന്നു.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 23, തിയതി :14/12/2023) പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ ഈ കാലയളവിൽ ജോലിയിൽ നിന്നു പിൻമാറിയതിനാലാണ് കാലതാമസം നേരിട്ടതെന്നാണ് മറുപടി നൽകിയത്.

3) 28 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ച് ടെണ്ടർ ലഭ്യമായതിനു ശേഷം ആയത് ക്യാൻസൽ ചെയ്ത് ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ലഭ്യമാക്കണമെന്ന് നിശ്ചയിച്ച് വീണ്ടും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടറുകൾക്കൊന്നും മത്സര സ്വഭാവം ഇല്ല. സിമ സോൺ എന്ന ഏജൻസി 6,14 എന്നീ വാർഡുകളിലെ മരാമത്ത് വർക്ക് ഒഴികെയുള്ള ജോലികൾക്കു മാത്രമായി ടെണ്ടർ സമർപ്പിച്ചിരിക്കുന്നു. മറ്റ് രണ്ട് ഏജൻസികൾ 6,14 എന്നീ വാർഡുകളിലെ വർക്കുകൾക്കു മാത്രമായി ടെണ്ടർ സമർപ്പിച്ചിരിക്കുന്നു. മത്സര സ്വഭാവമില്ലാത്തതിന്റെ വസ്തുത ഇതിൽ നിന്നും വ്യക്തമാണ്. 32 വർക്കുകൾ ടെണ്ടർ നൽകിയതിൽ 8 എണ്ണം മാത്രമാണ് പ്രവൃത്തി നിർവഹിച്ചിട്ടുള്ളത്.ടെണ്ടർ നൽകിയ പ്രവൃത്തികൾ 25% മാത്രമാണ് നിർവഹിച്ചിട്ടുള്ളത്. പ്രവൃത്തി നിർവഹണവുമായി ബന്ധപ്പെട്ട് കരാർ ചമച്ചിട്ടുണ്ടെങ്കിലും ആവശ്യമായ തുടർ നടപടി സ്വീകരിച്ച് പ്രവൃത്തി നിർവഹണം നടത്തിയിട്ടില്ല.

നിർവഹിച്ച പ്രവൃത്തികളുടെ ഫണ്ട് കിട്ടാൻ കാലതാമസം നേരിട്ടതിനാലാണ് ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ലാത്തതെന്നും കാലാവസ്ഥ അനുകൂലമല്ലാത്തതിനാൽ പ്രവൃത്തി നിർവഹിക്കാൻ സാധിച്ചില്ലെന്നുമാണ് മറുപടി നൽകിയത്. പ്രവൃത്തി നിർവഹിച്ച ശേഷമാണ് തുക ലഭ്യമാകാൻ കാലതാമസം നേരിട്ടത്, ആയത് ടെണ്ടർ നടപടികളുടെ മത്സര സ്വഭാവത്തെ ഇല്ലാതാക്കിയെന്ന മറുപടി വസ്തുതാപരമായി അംഗീകരിക്കാൻ സാധിക്കുകയില്ല.

3) MGNREGS പ്രവൃത്തികളിൽ ലേബർ മെറ്റീരിയൽ റേഷ്യോ 60:40 ആണ് നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും MGNREGS വെബ്സൈറ്റിൽ ലഭ്യമായ വിവരമനുസരിച്ച് ആര്യനാട് പഞ്ചായത്തിൽ 2022-23 ലെ ലേബർ മെറ്റീരിയൽ റേഷ്യോ 88 : 12 ആണ്.

4)കരാറുകാർക്ക്, സിമന്റിന് മാർക്കറ്റ് വിലയേക്കാൾ അധികം തുക അനുവദിച്ചിരിക്കുന്നു.

തൊഴിലുറപ്പുപദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ മെറ്റീരിയൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ കോഡ് 0367 പ്രകാരം ഒരു ടൺ സിമന്റിന് 11520/ രൂപയാണ്. ഇത് പ്രകാരം 50 കിലോയുള്ള ഒരു പായ്ക്കറ്റ് സിമന്റിന്റെ വില 576/രൂപ വരും . ഇതാണെങ്കിൽ മാർക്കറ്റ് നിരക്കിനേക്കാൾ വളരെയധികം ഉയർന്ന നിരക്കുമാണ്.17.08.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ കത്തിൽ, ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 തിയതിയിലെ OMB/ALP /AW20/2022 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ സിമന്റിന് സെക്യൂർ സോഫ്റ്റ്‌വെയറിൽ ലോക്കൽ മാർക്കറ്റ് നിരക്കായി രേഖപ്പെടുത്തിയിരിക്കുന്നത് പാക്കറ്റിന് ₹ 630 രൂപയാണെന്നും, എന്നാൽ യഥാർത്ഥ മാർക്കറ്റ് നിരക്ക് പാക്കറ്റിന് ₹430-ൽ താഴെയാണെന്നതിനാലും, പാക്ക്ഡ് കമ്മോഡിറ്റിയായ സിമന്റിന് പാക്കറ്റിൽ രേഖപ്പെടുത്തിയ പരമാവധി തുകയേക്കാൾ അധികം നല്കി വാങ്ങാനാവില്ലെന്നതിനാലും, സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ എടുക്കുന്ന കരാറുകാരൻ, സിമന്റ് വിതരണം ചെയ്യുമ്പോൾ നൽകുന്ന GST ബില്ലിൽ, നൽകുന്ന ബ്രാന്റിന്റെ പേരും, യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തണമെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രം അനുവദിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.. പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു

| വർക്ക് കോഡ് & M Book No: | ഉപയോഗിച്ച സിമന്റിന്റെ അളവ് | ബിൽ പ്രകാരമുള്ള നിരക്ക് (GST ഉൾപ്പെടെ ) | അനുവദിച്ച നിരക്ക് | കൂടുതലായി നൽകിയ തുക |
|---|---|---|---|---|
| RC/353112 & 247/22-23 | 342 പായ്ക്കറ്റ് | 422 | 576 | 52668 |
| RC/353138 & 253/22-23 | 270 പായ്ക്കറ്റ് | 486 | 576 | 24300 |

ഫയലുകളിൽ സൂക്ഷിച്ചിട്ടുള്ള ബില്ലുകളിൽ സിമന്റിന്റെ ബ്രാന്റിനം രേഖപ്പെടുത്തിയിട്ടില്ല ചില പ്രവൃത്തികളിൽ ഉപയോഗിച്ച പായ്ക്കറ്റുകളുടെ എണ്ണം, വില തുടങ്ങിയവ രേഖപ്പെടുത്താതെ എസ്റ്റിമേറ്റിനനുസൃതമായ തുക, മാത്രം ഉൾപ്പെടുത്തി ബിൽ തയ്യാറാക്കിയിരിക്കുന്നു. ഉപയോഗിച്ച സിമന്റിന്റെ ബ്രാന്റ്, മാർക്കറ്റ് നിരക്ക് എന്നിവ പരിശോധിച്ച് ആയതിനനുസൃതമായി തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

5)ഭൂവികസനം, ജലസംരക്ഷണം, ചെടി നഴ്സറി നിർമാണം തുടങ്ങിയ പ്രവൃത്തികളിൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപും പൂർത്തിയാക്കിയതിന് ശേഷവുമുള്ള ഫോട്ടോകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫയലിൽ

സർക്കാർ ഉത്തരവുകൾക്കനുസൃതമായ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റുകളുടെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 15.9.22മുതൽ 20.9.22 | 2021-22 | 14.6.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.6.22 മുതൽ 8.7.22, 25.10.22 മുതൽ 26.10.22 | ഏപ്രിൽ 2017മുതൽ 2022 ജൂലൈ | 7.12.22 |

## 1-11 തൊഴിൽനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തുപരിധിയിലെ അഭിഭാഷകർ,എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല . ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (04/06.12.22) അന്വേഷണം നടത്തി അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11-1 റേഷൻ ഡിപ്പോ ലൈസൻസികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 - 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്.പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 19റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെയും, ഈടാക്കിയിട്ടില്ലായെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ (ഡിമാന്റ് നോട്ടീസ് നൽകിയതുൾപ്പെടെയുള്ള ) വിശദാംശം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (04/06.12.22) ടി വിഷയം ബഹു.ഹൈക്കോടതിയുടെ പരിഗണനയിലെ വിഷയമാണെന്നും റേഷൻ ഡിപ്പോ വ്യാപാരികൾക്ക് ഒരു മാസത്തെ റേഷൻ വിറ്റുവരവിനനുസൃതമായ കമ്മീഷൻ തുകയാണ് നൽകുന്നതെന്നുമാണ് നെടുമങ്ങാട് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചിരിക്കുന്നതാണെന്നാണ് മറുപടി നൽകിയിരിക്കുന്നത്. മേൽ സൂചിപ്പിച്ച ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപ്പഞ്ചായത്തിൽ 2022-23 വർഷം മരാമത്ത് പ്രവർത്തികള് ഏറ്റെടുത്ത് കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല . ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (04/06.12.22) കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ഈടാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11-3 തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു.

ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷം ഈടാക്കിയ തൊഴിൽ നികുതി നിർദ്ദിഷ്ട നിരക്കുകളേക്കാൾ കുറവാണെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | സ്ഥാപനം/ഓഫീസ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | അർദ്ധ വർഷം |
|---|---|---|---|---|---|
| വിജി.ജി,സ്കൂൾ കൌൺസിലർ | ICDS വെള്ളനാട് അഡീഷണൽ | 169140 | 1000 | 1250 | Ist Half |
| സിജി.എൻ.ജി, സ്കൂൾ കൌൺസിലർ | ICDS വെള്ളനാട് അഡീഷണൽ | 169140 | 1000 | 1250 | Ist Half |
| സൂര്യ ബി.കെ, സ്കൂൾ കൌൺസിലർ | ICDS വെള്ളനാട് അഡീഷണൽ | 169140 | 1000 | 1250 | Ist Half |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (03/06.12.22) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 750/- രൂപ 1230102148/11.12.23 രസീത് പ്രകാരം അടവാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. തൊഴിൽ നികുതി അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11-4 സ്ഥാപന നികുതി- ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-23 സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ചൂഴ ക്ഷീരോത്പാദസഹകരണ സംഘം |
| 2 | ക്ഷീര സഹകരണ സംഘം,കൊക്കോട്ടേല |
| 3 | ക്ഷീര സംഘം, പറണ്ടോട് |
| 4 | ക്ഷീര സംഘം, ഇറവൂർ |
| 5 | ക്ഷീര സംഘം, പള്ളിവേട്ട |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (08/08.12.22) ടി സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ഈടാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ലേലം ചെയ്തു നൽകാത്തതു വഴി പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ലേലം ചെയ്തുനൽകിയതിന്റെ രജിസ്റ്ററുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ 2022-23വർഷം കടമുറി നം 7, 15,16,17,18,19,21,23,24 എന്നിവ ആരും ലേലം കൊണ്ടതായി കാണുന്നില്ല. 23-24

വർഷത്തിലും മേൽ കടമുറികൾ (7 ഒഴികെ) ആരും ലേലം കൊണ്ടിട്ടില്ല.

മേൽ കടമുറികൾ ഒഴിഞ്ഞുകിടക്കാനുള്ള കാരണം അറിയിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (17/12.12.23)

മേൽ കടമുറികൾ ലേലം കൊള്ളുന്നതിനായി ആരും ഹാജരാകുന്നില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള മറ്റു കെട്ടിടങ്ങളും (കാർഷിക വിപണന കേന്ദ്രം ഉൾപ്പെടെ) പ്രവർത്തിക്കുന്നുണ്ടെങ്കിലും വാടകയിനത്തിൽ പഞ്ചായത്തിന് വരുമാനമുണ്ടാകുന്നതായി പരിശോധനയിൽ കണ്ടെത്താനായില്ല. തനതുവരുമാനം വർദ്ധിപ്പിക്കുന്നതാനായുള്ള തുടർനടപടികൾ സ്വീകരിക്കാൻ ധനകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി അടിയന്തിരമായി ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഗേറ്റ് ഫീസ് പിരിവ്- 5.89 ലക്ഷം കുടിശ്ശിക ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആര്യനാട് പബ്ലിക് മാർക്കറ്റിൽ നിന്നും 22-23വർഷത്തിലേയ്ക്കുള്ള ഗേറ്റ് ഫീസ് പിരിക്കുന്നതിന് 16/3/2023-ൽ ലേലം നടത്തുകയും കൂടുതൽ ക്വാട്ട് ചെയ്ത 5010000/- രൂപയ്ക്ക് ശ്രീ.രാഹുൽ, ശക്തിഭവൻ, മുടിപ്പുരത്തട്ട്, ആര്യനാട് എന്ന വ്യക്തിക്ക് ലേലം സ്ഥിരപ്പെടുത്തുകയും 17.03.22 തീയതിയിൽ നടന്ന പഞ്ചായത്ത് കമ്മിറ്റിയിൽ 5911800/-( ജി.എസ്സ്.ടി 901800 അടക്കം) രൂപയ്ക്ക് ലേലം അംഗീകരിച്ച് നല്കിയിട്ടുമുണ്ട്. ലേല നിബന്ധനകൾ പ്രകാരം ലേലതുക 4 തുല്യഗഡുക്കളായി 05.03.23 തീയതിയ്ക്കകം ഒടുക്കേണ്ടതും നിയമപ്രകാരം പഞ്ചായത്ത് നിശ്ചയിച്ച് നൽകുന്ന തുകയ്ക്ക് നിശ്ചിത മാതൃകയിലുള്ള സോൾവൻസി/ബോണ്ട് ഹാജരാക്കേണ്ടതുമാണ്.ലേല നിബന്ധനകൾ പാലിക്കാതെ ലേലം അംഗീകരിച്ച നൽകിയ പഞ്ചായത്ത് കമ്മിറ്റിയിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

എന്നാൽ 2022-23 വർഷത്തേക്കുള്ള മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിന് സോൾവൻസി/ബോണ്ട് ഹാജരാക്കിയിട്ടില്ല. ലേല തുക നാല് തുല്യ ഗഡുക്കളായി 5.6.22, 5.9.22, 5.12.22, 5.3.23 എന്നീ തീയതികളിൽ ഒടുക്കേണ്ടതാണെന്നും ഒടുക്കാതിരുന്നാൽ മറ്റ് നികുതികൾ എന്നപോലെ ലേലക്കാരിൽ നിന്നും ജപ്തി/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണെന്നും നിബന്ധനയിലുണ്ട്. ജിഎസ്ടി അടക്കം ലേല തുകയായി നിശ്ചയിച്ചിരുന്ന 5911800/-രൂപയാണെങ്കിലും 5322000/- രൂപ മാത്രമേ നാളിതുവരെ ഒടുക്ക് വരുത്തിയിട്ടുള്ളൂ. (അവസാനം തുക ഒടുക്കിയിരിക്കുന്നത് 04.10.23 നാണ്) അവശേഷിക്കുന്ന 589800/-രൂപ ഈടാക്കാൻ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18/12.12.23) ബാക്കി തുക ഈടാക്കാനായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. സോൾവൻസി സർട്ടിഫിക്കറ്റ് യഥാസമയം വാങ്ങാത്തതിനാലാണ് ലേല കുടിശ്ശിക ഈടാക്കാനാതെ പോയത്.

2007-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും, ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ ചട്ടം 7(1) പ്രകാരം തിരഞ്ഞെടുക്കപ്പെട്ട അധികാരി, ഉദ്യോഗസ്ഥനോ സ്വീകരിക്കുന്ന തീരുമാനത്തിനും നടപടിയ്ക്കും അതാത് സംഗതിപോലെ തിരഞ്ഞെടുക്കപ്പെട്ട അധികാരിയോ ഉദ്യോഗസ്ഥനോ ഉത്തരവാദിയായിരിക്കുന്നതാണ്. 1994-ലെ കേരള കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് പ്രതിപാദിക്കുന്നു. ആയതിനാൽ ലേല തുക 2023 ഡിസംബർ 31-നകം പിരിച്ചെടുക്കുന്നില്ലായെങ്കിൽ ജി.എസ്.ടി.യും പലിശയും ഉൾപ്പെട്ട നഷ്ടപ്പെട്ട തുക സെക്രട്ടറിയുടെയും, ലേലം ക്രമവിരുദ്ധമായി അംഗീകരിച്ച് നൽകിയ 17.03.22 ലെ ഭരണസമിതി അംഗങ്ങളുടെയും ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-13-1 ഗേറ്റ് ഫീസ് പിരിവ് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആര്യനാട് പബ്ലിക് മാർക്കറ്റിൽ നിന്നും 23-24 വർഷത്തിലേയ്ക്കുള്ള ഗേറ്റ് ഫീസ് പിരിക്കുന്നതിന് **01/03/2023-ലെ JC2-336/2023 നമ്പർ ഫയൽ പ്രകാരം 23/3/2023-ൽ ലേലം നടത്തുമെന്ന് ലേല നോട്ടീസ് പുറപ്പെടുവിച്ചു. പ്രസ്തുത ലേല നോട്ടീസിലെ സുപ്രധാന നിബന്ധനകൾ ചുവടെ ചേർക്കുകയും ചെയ്യുന്നു.**

1.നിരതദ്രവ്യം -50000/- രൂപ

2.ലേലം ലഭിക്കുന്ന വ്യക്തി 200/-രൂപ മുദ്രപത്രത്തിൽ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

3.പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലം കൊള്ളുന്നയാൾ ലേലതുക ഒന്നായോ അല്ലെങ്കിൽ 4 തുല്യ ഗഡുക്കളായോ 31.10.2023 ന് മുൻപ് ഒടുക്കേണ്ടതും വീഴ്ചവരുത്തുന്ന ഓരോ മാസത്തേക്കും ഒരു ശതമാനം നിരക്കിൽ പിഴ പലിശ ഈടാക്കുന്നതുമാണ്. ഗഡുക്കളായി തുക ഒടുക്കുന്ന പക്ഷം ലേലത്തുകയുടെ ഒന്നാം ഗഡു ലേലം അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ പഞ്ചായത്ത് ഓഫീസിൽ അടക്കേണ്ടതും നിയമപ്രകാരം പഞ്ചായത്ത് നിശ്ചയിച്ച നൽകുന്ന തുകയ്ക്ക് നിശ്ചിത മാതൃകയിലുള്ള സോൾവൻസി/ ബോണ്ട് ഹാജരാക്കേണ്ടതുമാണ് .

23/3/2023-ൽ ലേലം നടത്തുകയും കൂടുതൽ ക്വാട്ട് ചെയ്ത 5029999/- രൂപയ്ക്ക് ശ്രീ.രഞ്ജിത്ത് , മാധവം, പേഴുംമൂട്, ആര്യനാട് എന്ന വ്യക്തിക്ക് ലേലം സ്ഥിരപ്പെടുത്തുകയും 23.03.23 തീയതിയിൽ നടന്ന പഞ്ചായത്ത് കമ്മിറ്റിയിൽ 6/1 തീരുമാനപ്രകാരം ലേലം അംഗീകരിച്ച് നല്കിയിട്ടുമുണ്ട്. ലേല നിബന്ധനകൾ പ്രകാരം ലേലതുക ഒന്നായോ അല്ലെങ്കിൽ 4 തുല്യ ഗഡുക്കളായോ താഴെ ചേർക്കുന്ന പ്രകാരം ഈടാക്കേണ്ടതാണ്.

| ഗഡു | ലേലതുക | GST | ആകെ | ഒടുക്കേണ്ട അവസാന തീയതി |
|---|---|---|---|---|
| I | 1280000 | 230400 | 1510400 | 2023 March 30 |
| II | 1250000 | 225000 | 1475000 | 2023 June 30 |
| III | 1250000 | 225000 | 1475000 | 2023 August 31 |
| IV | 1250000 | 225000 | 1475000 | 2023 October 31 |
| | | | | |

ലേല തുക ഒന്നായി ഒടുക്കാത്തപക്ഷം ഒന്നാം ഗഡു തുക ഒടുക്കി പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതും ശേഷിക്കുന്ന 3750000/-രൂപയ്ക്ക് ഇരട്ടിതുകയുടെ സോൾവൻസി/ബോണ്ട് ഹാജരാക്കേണ്ടതുമാണ് . ആയത് ഹാജരാക്കാത്ത പക്ഷം ലേലം റദ്ദ് ചെയ്ത പുനർലേലം നടത്തുന്നതാണ്. ലേല തുക ഗഡുക്കളായി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം നിയമാനുസൃത പിഴപ്പലിശ ഈടാക്കുന്നതാണ്. മാർച്ച് 30ന് മുമ്പ് ഒന്നാം ഗഡു തുക ഒടുക്കി കരാറിൽ ഏർപ്പെടേണ്ടതും ഏപ്രിൽ ഒന്നുമുതൽ മാർക്കറ്റ് ഏറ്റെടുത്ത് ഗേറ്റ് ഫീസ് പിരിവ് നടത്താവുന്നതുമാണെന്ന് 23.03.23 ന് JC2-1518/2023 നമ്പർ കത്തു പ്രകാരം സെക്രട്ടറി ലേലക്കാരനെ അറിയിച്ചിട്ടുണ്ട് .

എന്നാൽ ഫയൽ പരിശോധിച്ചതിൽ A)30.03.23 ന് ടിയാൻ 849600/-രൂപ 1220104428/G010501 രസീത് നം പ്രകാരം ഒടുക്കിയിട്ടുണ്ട്. ആദ്യ ഗഡു മുഴുവനായും ഒടുക്കുകയോ സോൾവൻസി ഹാജരാക്കുകയോ ചെയ്തിട്ടില്ല. B)രണ്ടാം ഗഡു തുകയായി 900045/- രൂപ 03.07.23 തീയതിയിലാണ് ഒടുക്കിയിരിക്കുന്നത്. C)ലേലനിബന്ധന പ്രകാരം 31.10.23 നകം ലേലതുക മുഴുവനായും ഒടുക്കേണ്ടതാണ്. ബാക്കി തുക കരാർ പ്രകാരം നാളിതുവരെ ഈടാക്കിയിട്ടില്ല.

ഭരണതലത്തിൽ സംഭവിച്ച അപാകങ്ങൾ

A.)ലേല തുക ഒന്നായി ഒടുക്കാത്തപക്ഷം ഒന്നാം ഗഡു തുക ഒടുക്കി പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതും ശേഷിക്കുന്ന 3750000/-രൂപയ്ക്ക് ഇരട്ടിതുകയുടെ സോൾവൻസി/ബോണ്ട് ഹാജരാക്കേണ്ടതുമാണ് . ആയത് ഹാജരാക്കാത്ത പക്ഷം ലേലം റദ്ദ് ചെയ്ത പുനർലേലം നടത്തുന്നതാണെന്ന ലേല നിബന്ധനകൾ അനുസരിച്ച് ലേലം പുനപരിശോധിക്കാത്തതും മറ്റ് നിയമാനുസൃത നടപടി സ്വീകരിക്കാത്തതും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ വീഴ്ചയാണ്.

B.)മാർക്കറ്റ് ലേലം ഭരണസമിതി അംഗീകരിച്ചത് ലേലതുകയ്ക്ക് ആനുപാതികമായ സോൾവൾസിയോ, ബാങ്ക് ഡെപ്പോസിറ്റോ മറ്റു രേഖകളോ ഇല്ലാതെയാണെന്ന് കാണുന്നു. ആയതിനാൽ ലേല തുകയ്ക്ക് ആവശ്യമായ സോൾവൾസിയോ, ബാങ്ക് ഡെപ്പോസിറ്റോ മറ്റു

രേഖകളോ ഹാജരാക്കാതിരുന്നിട്ടും ഭരണസമിതി ലേലം സ്ഥിരപ്പെടുത്തി നൽകിയതിനും, ലേലം കൊണ്ട സ്ഥാപനം 15/12/2023 വരെ 1749645/-രൂപ (ജി.എസ്.റ്റി അടക്കം) മാത്രം അടവാക്കിയതിനാലും ബാക്കി തുക കരാർ പ്രകാരം അടവാക്കിയിട്ടില്ലാത്തതിനാൽ തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കാനും നൽകിയ അന്വേഷണകുറിപ്പിന് (18/12.12.23ന് ) കരാർ പ്രകാരമുള്ള തുക ഒടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ലേലം സ്ഥിരപ്പെടുത്തി അംഗീകരച്ച നടപടിയിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

C)2007-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും, ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ ചട്ടം 7(1) പ്രകാരം തിരഞ്ഞെടുക്കപ്പെട്ട അധികാരി, ഉദ്യോഗസ്ഥനോ സ്വീകരിക്കുന്ന തീരുമാനത്തിനും നടപടിയ്ക്കും അതാത് സംഗതിപോലെ തിരഞ്ഞെടുക്കപ്പെട്ട അധികാരിയോ ഉദ്യോഗസ്ഥനോ ഉത്തരവാദിയായിരിക്കുന്നതാണ്. 1994-ലെ കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റ സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് പ്രതിപാദിക്കുന്നു. ആയതിനാൽ ലേല തുക 2023 ഡിസംബർ 31-നകം പിരിച്ചെടുക്കുന്നില്ലായെങ്കിൽ ജി.എസ്.ടി.യും പലിശയും ഉൾപ്പെട്ട നഷ്ടപ്പെട്ട തുക സെക്രട്ടറിയുടെയും, ലേലം ക്രമവിരുദ്ധമായി അംഗീകരിച്ച് നൽകിയ 23/3/2023-ൽ കൂടിയ ഭരണസമിതി അംഗങ്ങളുടെയും ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-14 ഭരണസമിതി തീരുമാനങ്ങൾ-തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റി ലേലം ചെയ്യുന്നതിനും വില്ക്കുന്നതിനും ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർനടപടി വിവരം സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നം | തീയതി | തീരുമാനം | വിഷയം |
|---|---|---|---|
| 1 | 08/04/2022 | 9(13) | ആര്യനാട് ഗ്രാമപഞ്ചായത്തിലെ ഈഞ്ചപ്പുരി അംഗൻവാടിയുടെ കോമ്പൌണ്ടിൽ അംഗൻവാടിയുടെ പ്രവർത്തനത്തിനും കുട്ടികളുടെ സുരക്ഷയ്ക്കും വളരെ ഭീക്ഷണിയായി അപകടകരമായി നിൽക്കുന്ന 2 മഹാഗണി , 1 തേക്ക് എന്നീ മരങ്ങൾ മുറിച്ചു മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള വാർഡ് മെമ്പർ ശ്രീ.ഈഞ്ചപ്പുരി രാജേന്ദ്രൻറെ കത്ത് യോഗം ചർച്ച ചെയ്തു. പ്രസ്തുത മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ഫോറസ്റ്റ് ഓഫീസിൽ നിന്നുള്ള വാല്യുവേഷൻ പ്രകാരം 3 തവണ ലേലത്തിൽ വെച്ചങ്കിലും ആരും ലേലത്തിൽ പങ്കെടുത്തിരുന്നില്ലായെന്ന് യോഗം വിലയിരുത്തി. അംഗൻവാടിയുടെ പ്രവർത്തനത്തിനും കുട്ടികളുടെ സുരക്ഷയ്ക്കും വളരെ ഭീക്ഷണിയായിട്ടാണ് പ്രസ്തുത മരങ്ങൾ നിൽക്കുന്നതെന്ന് യോഗം അഭിപ്രായപ്പെട്ടു. .ആയതിനാൽ അടിയന്തിരമായി പ്രസ്തുത മരങ്ങൾ മുറിച്ചു മാറ്റുന്നതിനും ആയതിൻറെ ബിൽ ലഭ്യമാകുന്ന മുറയ്ക്ക് തുക തനത് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. മുറിച്ചു മാറ്റി വെയ്ക്കുന്ന പ്രസ്തുത മരക്കക്ഷണങ്ങൾ ലേല വ്യവസ്ഥകൾ പാലിച്ച് ലേലം ചെയ്തു നൽകുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു |
| 2 | 09.05.22 | 8(1) | ആര്യനാട് ഗ്രാമപഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നത് സംബന്ധിച്ച് വട്ടിയൂർക്കാവ് സോഷ്യൽ ഫോറസ്റ്റി ഡിവിഷൻ , അസ്സി.ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കിയ 26/04/2022 തീയതിയിലെ എസ്സ്.എഫ്.എ2 4356/22 നമ്പർ കത്തും വാല്യുവേഷനും യോഗം പരിശോധിച്ചു ചർച്ച ചെയ്തു. വാല്യുവേഷൻ പ്രകാരം ലേല നടപടികൾ സ്വീകരിയ്ക്കുന്നതിന് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 3 | 09.05.22 | 8(2) | ആര്യനാട് ഗ്രാമപഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ്സ് ഓഫീസ് പരിസരത്ത് കിടക്കുന്ന ഉപയോഗ ശൂന്യമായ ഇരുമ്പ് സാധനങ്ങൾ ലേലം ചെയ്ത് നൽകുന്നതിന് എൽ.എസ്സ്.ജി.ഡി , എ.ഇ സമർപ്പിച്ച വാല്യുവേഷൻ യോഗം പരിശോധിച്ച് അംഗീകരിച്ചു. പ്രസ്തുത സാധനങ്ങൾ ലേലം ചെയ്തു നൽകുന്നതിനുള്ള നിയമപരമായ തുടർ നടപടികൾ സ്വീകരിയ്ക്കുന്നതിന് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 4 | 09.05.22 | 8(3) | ആര്യനാട് ഗ്രാമപഞ്ചായത്തിൽ ആര്യനാട് മാർക്കറ്റിനകത്ത് ഉണങ്ങിയതും കായ്ഫലമില്ലാത്തതുമായ 6 മൂട് തെങ്ങ് അപകടാവസ്ഥയിലാണെന്ന് യോഗം അഭിപ്രായപ്പെട്ടു. പ്രസ്തുത തെങ്ങുകളിൽ നിന്നും നിരന്തരം ഉണങ്ങിയ ഓലകൾ വീണ് മാർക്കറ്റിൽ വരുന്നവർക്ക് അപകടഭീക്ഷണിയാകുന്നുവെന്ന് യോഗം വിലയിരുത്തി. ആയതിനാൽ ഉണങ്ങി നിൽക്കുന്ന 6 മൂട് തെങ്ങ് മുറിച്ചുമാറ്റുന്നതിന് യോഗം തീരുമാനിച്ചു. ആയതിന് ക്വട്ടേഷൻ ക്ഷണിച്ച് പ്രവർത്തി നടപ്പിലാക്കുന്നതിനും ആവശ്യമായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. മുറിച്ചു വെയ്ക്കുന്ന തെങ്ങിൻ തടികൾ നിയമപരമായ തുടർ നടപടികളിലൂടെ വിൽക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 5 | 09.05.22 | 11(10) | ആര്യനാട് ഗ്രാമപഞ്ചായത്തിലെ പള്ളിവേട്ട അംഗൻവാടികെട്ടിടത്തിന് സമീപം അപകടാവസ്ഥയിൽ നിൽക്കുന്ന 2 തെങ്ങുകൾ മുറിച്ചു മാറ്റണമെന്നുള്ള പള്ളിവേട്ട അംഗൻവാടി വർക്കറുടെ അപേക്ഷ യോഗം പരിശോധിച്ച് അംഗീകരിച്ചു. തെങ്ങ് മുറിച്ചു മാറ്റുന്നതിനും മുറിച്ചു വെയ്ക്കുന്ന തെങ്ങിൻ തടികൾ നിയമപരമായ തുടർ നടപടികളിലൂടെ വിൽക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| | 16.05.22 | 8(5) | ആര്യനാട് ഗ്രാമപഞ്ചായത്തിലെ പഴയതെരുവ് എൽ.പി.സ്കൂൾ കോമ്പൌണ്ടിൽ നിൽക്കുന്ന ഏകദേശം 40 വർഷം പഴക്കം ചെന്ന മാവ് പൂർണ്ണമായും ഉണങ്ങി നിൽക്കുകയാണെന്നും പ്രസ്തുത മാവിൻറെ വലുതും ചെറുതുമായ ശിഖരങ്ങൾ നിരന്തരം ഒടിഞ്ഞു വീണ കുട്ടികൾക്കും സ്കൂൾ കെട്ടിടത്തിനും വളരെ ഭീക്ഷണിയും അപകടകരവുമായിരിക്കുകയാണെന്നും ആയതിനാൽ പ്രസ്തുത മാവ് മരം മുറിച്ചു മാറ്റുന്നതിനുള്ള സത്വര നടപടികൾ സ്വീകരിയ്ക്കണമെന്നുമുള്ള പഴയതെരുവ് എൽ.പി.സ്കൂൾ ഹെഡ്മാസ്റ്ററുടെ അപേക്ഷ യോഗം ചർച്ച ചെയ്തു. ജൂൺ 1 മുതൽ സ്കൂളുകൾ തുറന്ന് പ്രവർത്തിയ്ക്കുന്നതിനാലും പ്രസ്തുത മരം അപകടകരമാം വിധത്തിൽ നിൽക്കുന്നതിനാലും അടിയന്തിരമായി മുറിച്ചു മാറ്റുന്നതിനും തുടർന്ന് വാല്യുവേഷൻ എടുത്ത് തടികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നിയമനട നടപടി സ്വീകരിയ്ക്കുന്നതിനും യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു |
| | 26.05.22 | 9(1) | ആര്യനാട് ഗ്രാമപഞ്ചായത്തിൽ ടൌൺ വാർഡിൽ പ്രവർത്തിക്കുന്ന വെറ്റിനറി ആശുപത്രി കെട്ടിടത്തിന് മുകളിലൂടെ ചാഞ്ഞ് ആശുപത്രിയ്ക്ക് അപകട ഭീഷണിയായി നിൽക്കുന്ന ആഞ്ഞിലി മരം , ICDS ഓഫീസിലേയ്ക്ക് ചാഞ്ഞ് വളരെ അപകടകരമായി നിൽക്കുന്ന തേക്ക് മരം എന്നിവ മുറിയ്ക്കുന്നതിന് 24/05/2022 തീയതി കൂടിയ പ്രാദേശിക ട്രീ കമ്മിറ്റി തീരുമാനിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ അപകടാവസ്ഥ ഒഴിവാക്കുന്നതിനായി മരം മുറിച്ചിടുന്നതിനും തുടർന്ന് വാല്യുവേഷൻ എടുത്ത് ലേലം ചെയ്യുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിയ്ക്കുന്നതിനും യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| | 31.05.22 | 15 | ആര്യനാട് ഗ്രാമപഞ്ചായത്തിൽ കോട്ടയ്ക്കകം വാർഡിൽ കാവൽപ്പുര കഴിവിള റോഡിൽ സമീപവാസിയുടെ വീട്ടിനും ഇലക്ട്രിക്കൽ ലൈൻ കമ്പികളിലേയ്ക്കും ചാഞ്ഞ് വളരെ അപകടാവസ്ഥയിൽ നിൽക്കുന്ന ബദാം മരവും കോട്ടയ്ക്കകം വാർഡിൽ ചൊക്കൻതീനി കടവിലെ കടത്തു വള്ളത്തിൽ മഴക്കെടുതിയിൽ മറിഞ്ഞു വീണ് കിടക്കുന്ന മരവും മുറിച്ചു മാറ്റുന്നതിനും തുടർന്ന് വാല്യുവേഷൻ എടുത്ത് നിയമപരമായ നടപടികളിലൂടെ ലേലം ചെയ്ത് നൽകുന്നതിനും യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |

തീരുമാനങ്ങളുടെ മേൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങളും വൃക്ഷങ്ങളുടെ ലേലനടപടിവിവരങ്ങളും ആയത്

വരവിലെടുത്തതിന്റെ വിവരങ്ങളും (രസീത് നമ്പരുൾപ്പെടെ) ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (7/08.12.23) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-14-1 അനധികൃതമായി പ്രവർത്തിച്ച് വരുന്ന ഭക്ഷണം പാകം ചെയ്തും അല്ലാതെയും വില്ക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 02/05/2022 ലെ ഡബ്ല്യു.എം1/262/2022 തസ്വഭവ നമ്പർ പരിപത്രത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ അനധികൃതമായി പ്രവർത്തിച്ച് വരുന്ന ഭക്ഷണം പാകം ചെയ്തും അല്ലാതെയും വില്ക്കുന്ന കച്ചവട സ്ഥാപനത്തിനെതിരെ നടപടിയെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഹാജരാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (32/15.12.23) മറുപടി ലഭ്യമാക്കിയില്ല. മറുപടിയും സ്വീകരിച്ച തുടർനടപടിവിവരങ്ങളും അറിയിക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 50% ൽ അധികം സ്ഥാപനങ്ങളും FTE & OS ലൈസൻസ് എടുത്തിട്ടില്ല

FTEO & OS ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം 275 സ്ഥാപനങ്ങൾക്കാണ് FTEO & OS ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ 2021 ലും 2023 ലും ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ പൗരാവകാശ രേഖ പ്രകാരം 802 കച്ചവട സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ വിവരങ്ങളാണ് പൗരാവകാശ രേഖയിൽ നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 1 | 12 |
| 2 | 24 |
| 3 | 52 |
| 4 | 17 |
| 5 | 8 |
| 6 | 30 |
| 7 | 5 |
| 8 | 26 |
| 9 | 41 |
| 10 | 19 |
| 11 | 17 |
| 12 | 73 |
| 13 | 175 |
| 14 | 68 |
| 15 | 43 |
| 16 | 50 |
| 17 | 94 |
| 18 | 48 |
| ആകെ | 802 |

കുടുംബശ്രീ മുഖാന്തിരം വ്യാപാര സ്ഥാപനങ്ങളുടെ വിവരം തയ്യാറാക്കിയിട്ടും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവ കണ്ടെത്തി ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 100 ച.മീ വരെ തറ വിസ്തീർണമുള്ള 1257 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനായി നമ്പർ നൽകിയിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളെയും ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:6 തിയതി:07/12/2023) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് അദാലത്ത് 12/23 ൽ സംഘടിപ്പിച്ചിരുന്നുവെന്നും തുടർന്നും നടപടി സ്വീകരിച്ചുവരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ഈടാക്കുന്നതിനും ട്രേഡേഴ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും ഓരോ വർഷവും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-16 റവന്യൂ വരവ്- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

1)സ. ഉ(കൈ) നം. 117/2022/ Lsgd Dated 1.6.2022 പ്രകാരം തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. മേൽ ഉത്തരവ് പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി

പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.കൂടാതെ നികുതി പിരിവിന്റേയും നികുതിയേതര വരവിന്റേയും അവലോകനം മൂന്നമാസത്തിലൊരിക്കൽ വാർഡ് സഭകളിലുംവാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

3)പ്രാദേശിക സർക്കാരുകളുടെ വായ്പയെ സംബന്ധിച്ച ഡി.സി.ബി പത്രിക തയ്യാറാക്കുകയും പ്രാദേശിക സർക്കാർ ഭരണസമിതി യോഗത്തിലും വാർഡ് സഭകളിലും വാർഡ് കമ്മിറ്റികളിലും അവലോകനം നടത്തേണ്ടതുമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (31/15.12.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നികുതി നികുതിയേതര വരവുകളുടേയും വായ്പകളുടെയും അവലോകനം നടത്തുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-16-1 നികുതി -നികുതിയേതര വരുമാനവുമായി ബന്ധപ്പെട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

2. വസ്തു നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട അവലോകനം സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നടത്തുകയും 100%നികുതി പിരിവ് ചെയ്യുന്നതിനായി ക്യാമ്പ് കളക്ഷൻ നടത്തുന്നതിനും വേണ്ടിയുള്ള നടപടിക്രമങ്ങൾ തീരുമാനിച്ചിട്ടുണ്ടെങ്കിലും മറ്റ് നികുതി , നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലുള്ള പുരോഗതി കൃത്യമായി 2022-23 വർഷത്തെ യോഗങ്ങളിൽ വിലയിരുത്തിയിട്ടുള്ളതായി കാണുന്നില്ല.

3ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് B-15 Sundry Debtors (Receivables) എന്ന ഹെഡിൽ ഉള്ള തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (39/15.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി, നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്

## 1-17 വസ്തു നികുതി - അപാകങ്ങൾ

2022-23 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന്റെയും തുടർനടപടികളുടെയും ഫയലുകൾ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന അപാകങ്ങൾ കണ്ടെത്തി.

1. കെട്ടിടനിർമ്മാണചട്ടം 104പ്രകാരം ഓരോ 3മാസവും കൂടുമ്പോൾ കെട്ടിടനിർമ്മാണം ,പെർമിറ്റ് ,അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവ സംബന്ധിച്ച് സെക്രട്ടറി സർക്കാറിന് റിപ്പോർട്ട് നൽകേണ്ടതാണ്.ആയത് പ്രകാരം 2022-23വർഷത്തിൽ അപ്രകാരം റിപ്പോർട്ട് നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

2. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ Rule 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, GI G2, I ഒക്യുപൻസികൾ ഒഴികെ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറിക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിന് അധികാരം ഉണ്ട്.അപ്രകാരം പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

3.അനധികൃതകെട്ടിടനിർമ്മാണങ്ങളുടെ നിർമ്മാണം കണ്ടെത്തുവാൻ ഉദ്യോഗതല സ്ക്വാഡ് രൂപീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

4. അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ നിയമാനുസൃതം തയ്യാറാക്കിയിട്ടുള്ളത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

A) കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235 ഡബ്ലിയു പ്രകാരം അനധികൃത നിർമ്മാണങ്ങൾ നടത്തിയ വ്യക്തിക്ക് നോട്ടീസ് നൽകാവുന്നതും മതിയായ കാരണം കാണിക്കാത്ത സംഗതികളിൽ ഒരു ഉത്തരവിനാൽ നോട്ടീസ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതുമാണ്. ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

B)കേരള പഞ്ചായത്ത് ബിൽഡിംഗ് (Regularisation Of Unauthorised Construction) ചട്ടങ്ങൾ 2018 – ചട്ടം 6(17) പ്രകാരം കോമ്പൗണ്ടിംഗ് ഫീസിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ചട്ടം 6(18) പ്രകാരം അനധികൃത നിർമ്മാണം സംബന്ധിച്ച് ഒരു സ്ഥിര രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ അപേക്ഷകന്റെ മേൽവിലാസം, സർവ്വേ നം, ഒക്യുപൻസി, നിലകളുടെ എണ്ണം, തറ വിസ്തീർണം, ചട്ട ലംഘനത്തിന്റെ തരം, അനുമതി ലഭിച്ചതിന്റെയും കോമ്പൗണ്ടിംഗ് ഫീസ് അടവാക്കിയതിന്റെയും വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

C. സർക്കുലർ നം. 29342/ ആർ.എ. 1/ 2014/ ത.സ്വ.ഭ.വ തീയതി 19.05.2014 പ്രകാരം

I) അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണ്.
Ii)അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതാണ്.
Iii)തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഓരോ മാസത്തിന്റെയും അവസാന ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.മേൽ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

5. I) 2022-23 വർഷത്തിൽ നമ്പർ നൽകിയ ആകെ കെട്ടിടങ്ങളുടെ എണ്ണവും അപ്രകാരം നൽകിയതിൽ ക്രമവത്ക്കരണം നടത്തി നൽകിയവ എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

Ii) 2022-23 വർഷത്തിൽ വസ്തു നികുതി എഴുതിതള്ളിയ കെട്ടിടങ്ങളുടെ വിവരങ്ങളും, രജിസ്റ്ററും ലഭ്യമാക്കിയിട്ടില്ല

ഉദ്യേഗതലത്തിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ നിയമാനുസൃതം തയ്യാറാക്കേണ്ടതും ആയത് കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 27/14.02.23)

## 1-17-1 തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി ഈടാക്കുന്നില്ല.

കെട്ടിട നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപയോഗക്രമം പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണത്തിന് ആനുപാതികമല്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം | കെട്ടിട നം | ഉടമസ്ഥൻ | തറ വിസ്തീർണ്ണം ( Plan പ്രകാരം) | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപയോഗക്രമം | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപയോഗക്രമം | അനുവദിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് | അനുവദിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് നിരക്ക് |
|---|---|---|---|---|---|---|---|
| 731/22 | 617/D | ഹരികുമാർ | 486.8.m2 | വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ വരെ തറ | വാണിജ്യാവശ്യത്തിനുള്ളവ 200ച.മീറ്റർ മുകളിൽ തറ | 50 | 80 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | വിസ്തീർണ്ണം ഉള്ള ഹോട്ടൽ Etc | വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | | |
| 474 | 18/382 E | രാധാകൃഷ്ണൻ | 100.42 M2 | വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ Etc | വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ Etc | 50 | 60 |
| Sc1/118/22 | 513/D | സിന്ധു രാജേഷ്കുമാർ | 150.204 M2 | വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ Etc | വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ Etc | 50 | 60 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (17/12.12.23) മേൽ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ 22-23 സാമ്പത്തികവർഷം മുതൽ നികുതി പുനർനിർണ്ണയം നടത്തി ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. 22-23 സാമ്പത്തികവർഷം കെട്ടിടനികുതി നിർണ്ണയിച്ചുനൽകിയ എല്ലാ ഫയലുകളും അപേക്ഷകളും മേൽ സൂചിപ്പിച്ച പ്രകാരം പരിശോധന നടത്തി അപാകത കണ്ടെത്തുന്ന പക്ഷം നികുതി പുനർനിർണ്ണയം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-17-2 സേവന ഉപനികുതി ഈടാക്കാവുന്നതാണ്

ഗ്രാമപഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം , ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ , ഡ്രെയിനേജ് മുതലായവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(1/06.12.2023)** സേവന ഉപനികുതി ചുമത്തുന്നതിന് കമ്മിറ്റി തീരുമാനിച്ചിട്ടില്ലെന്നാണ് മറുപടി നൽകിയിരി**ക്കുന്നത്.**. 2011 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിങ്ങനെയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. തനത് വരുമാനം വർധിപ്പിക്കുന്നതിന് സേവന ഉപനികുതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു

## 1-17-3 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതി നഷ്ടം ഒഴിവാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തിയതിന്റെയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഒക്യുപൻസി ലഭിച്ചതിന് ശേഷമുള്ള നിർമ്മാണങ്ങൾ കണ്ടെത്തി ടാക്സ് റിവിഷൻ നടത്തി വസ്തു നികുതി പുനർനിർണ്ണയിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-18 നികുതി / നികുതിയേതര വരവുകൾ അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ നികുതി വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു (കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-204).

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമത അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണമല്ലാത്തത് നികുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു. നികുതി നികുതിയിതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**1) പുതിയ തനതുവരുമാനമേഖലകൾ:**

പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

**2)തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.**

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി, വാടക, മാർക്കറ്റ് ഫീസ് എന്നിവയിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. തൊഴിൽ നികുതി ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്ത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്.

നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി, നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

**3) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല:**

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വലിയവിഭാഗം തൊഴിൽ

നികുതി ചുമത്തലിൽ നിന്നും ഒഴിവാകുന്നുണ്ട്. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാനകാരണം.

**4) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്:**

തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്

**5) മുൻ വസ്തുനികുതി പരിഷ്കരണത്തിൽ അപാകങ്ങൾ നിലനിൽക്കെ വീണ്ടും നികുതി പരിഷ്കരിക്കുമ്പോൾ അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്**

2013നികുതി പരിഷ്കരണത്തിലെ നിരവധി പിഴവുകൾ ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. പ്രസ്തുത വസ്തു നികുതി പരിഷ്കരണത്തിന്റെ ഡാറ്റാ എൻട്രി നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നിർണയത്തിലെ അപാകത്തിന് ഇടയാക്കുന്നതാണ്.

**ഓഡിറ്റിന്റെ ശുപാർശകൾ:**

1) തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKMനോട് ആവശ്യപ്പെടാവുന്നതാണ്.

6) വസ്തുനികുതി നിർണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

9) സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

## 1-19 റീടെൻഷൻ തുക വികസനഫണ്ടിൽ നിന്നും പിൻവലിച്ചിട്ടില്ല.

പ്രോജക്റ്റ് നം, പേര്- 52/23, ഹരിതശ്രീ -ലൈഫ് കെയർ യൂണിറ്റുകൾ (സ്പിൽ ഓവർ)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - 10 ലക്ഷം (വികസനഫണ്ട് ജനറൽ)

ചെലവ് - 982698 ( ബിൽ നം 38/27.06.22 Rs 437409/-

ബിൽ നം 79/24.08.22 Rs 545289/-)

കരാറുകാരൻ - വിനുകുമാർ വി

കരാർ തുക – 892587/-

ഹരിതശ്രീ-ലൈഫ് കെയർ യൂണിറ്റുകൾ എന്ന പ്രോജക്റ്റിന്റെ ബിൽ തുക രണ്ട് പ്രാവശ്യമായാണ് വികസനഫണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്നത്. പ്രോജക്റ്റിന്റെ 1&പാർട്ട് ബിൽ പ്രകാരം 4,37,409/-രൂപ പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പാർട്ട് ബിൽ നം -1

| | |
|---|---|
| Total Value Of Work Done | 400558 |
| Deduct 2.5%retension | 10014 |
| Add 12% GST | 46865 |
| Total | 437409 |
| Deduction IT,Kcwwf,CGST,SGST, Collection Charge | 16024 |
| Net | 421385 |

മേൽ പരാമർശിച്ച പാർട്ട് ബിൽ പ്രകാരം റീടെൻഷൻ ഇനത്തിൽ തുക കുറവുചെയ്തിട്ടുണ്ടെങ്കിലും ആയത് വികസനഫണ്ടിൽ നിന്നും പിൻവലിച്ചിട്ടില്ല. കൂടാതെ കരാർ തുകയുടെ 2.5% തുകയായ 22,315/ - രൂപയാണ് റീടെൻഷൻ ഇനത്തിൽകുറവുചെയ്യേണ്ടിയിരുന്നത്

എന്നാൽ 10,014/- രൂപ മാത്രമാണ് കുറവുചെയ്തിരിക്കുന്നത്.

ഫൈനൽ ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Total Value Of Work Done | 486865 |
| Add 12% GST | 58424 |
| Total | 545289 |
| Deduction IT,Kcwwf,CGST,SGST, Collection Charge | 19476 |
| Net | 525813 |

ഫൈനൽ പേയ്മെന്റ് നൽകിയപ്പോൾ റീടെൻഷൻ തുകയുൾപ്പെടെയുള്ള തുക കണക്കാക്കി വികസനഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുമില്ല. കരാറുകാരൻ തിരികെ നൽകേണ്ടുന്ന റീ ടെൻഷൻ തുക യഥാസമയം വികസനഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യാത്തതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ടും റീടെൻഷൻ ഇനത്തിലെ തുക തനത് ഫണ്ടിൽ നിന്നും കരാറുകാരന് തിരികെ നൽകിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 24/14.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തനത് ഫണ്ടിൽ നിന്നും ക്രമപ്രകാരമല്ലാതെ റീടെൻഷൻ ഇനത്തിലെ തുക തിരികെ നൽകാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

**1-20 സ്വരക്ഷ -സ്കൂൾ കുട്ടികൾക്ക് കരാട്ടെ /യോഗ പരിശീലനം -പദ്ധതി നടത്തിപ്പിലെ അപാകത-50000രൂപ തടസ്സപ്പെടുത്തുന്നു.**

പ്രോജക്ടിന്റെ പേര്- സ്വരക്ഷ -സ്കൂൾ കുട്ടികൾക്ക് കരാട്ടെ /യോഗ പരിശീലനം

പ്രോജക്ട് നമ്പർ-S0167/23

അടങ്കൽ തുക- 50000

ചെലവ് തുക-50000 (Bill No.19/23 Dtd.14.3.23)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ.

സ്കൂൾകുട്ടികൾക്ക് സ്വരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വരക്ഷ -സ്കൂൾ കുട്ടികൾക്ക് കരാട്ടെ /യോഗ പരിശീലനം എന്ന പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- പ്രസ്തുത പദ്ധതിയിലെ വേതനം 12500/-രൂപ നിരക്കിൽ നിജപ്പെടുത്തിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കിയിട്ടില്ല.
- സ്കൂളുകളിൽ നിന്നും പരിശീലനത്തിനുള്ള കുട്ടികളുടെ വിവരം ഫയലിൽ ലഭ്യമാണെങ്കിലും സ്കൂളുകളിൽ എത്തി പരിശീലനം നടത്തിയതിനുള്ള പരിശീലകന്റെ ഹാജർ വിവരങ്ങൾ ലഭ്യമല്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 30/15.12.23 ന് മറുപടി ലഭ്യമായിട്ടില്ല.രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**1-21 സുലേഖ സ്റ്റേറ്റ്മെൻറിലോ എ സി ആറിലോ ഉൾപ്പെടാതെ ചെലവു നടന്നിരിക്കുന്നു.**

പ്രോജക്ട് – തേവിയാരുകുന്ന് കമ്മ്യൂണിറ്റി ഹാളിലേക്ക് പബ്ലിക്ക് അഡ്രസിംഗ് സിസ്റ്റം വാങ്ങൽ (36/23)

അടങ്കൽ : 66,000/- (Plan General Fund)

1000/- (TSP)

ചെലവ് വിവരം – Bill No. 02/22.12.22 തുക 1,000/-

3/21.12.22 തുക - 63800/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

തേവിയാരുകുന്ന് കമ്മ്യൂണിറ്റി ഹാളിലേക്ക് പബ്ലിക്ക് അഡ്രസിംഗ് സിസ്റ്റം വാങ്ങുന്നതിനായി 64800/- രൂപ കെൽട്രോണിന് 23.11.22ന് നൽകിയിട്ടുണ്ട് .23. 11 .22 ലെ 8227 നമ്പർ Tax Invoice ന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. സ്റ്റോക്കിൽ എടുത്തതിന്റെയും ഇൻസ്റ്റാൾ ചെയ്തതിന്റെയും വിവരങ്ങൾ ഹാജരാക്കിയിട്ടില്ലായെങ്കിലും നേരിട്ടുള്ള പരിശോധനയിൽ പബ്ലിക്ക് അഡ്രസിംഗ് സിസ്റ്റം പ്രവർത്തനക്ഷമമാണ്. എന്നാൽ ഈ പദ്ധതി പ്രകാരമുള്ള ചെലവ് സുലേഖ സ്റ്റേറ്റ്മെൻറിലോ എ സി ആറിലോ ഉൾപ്പെട്ടിട്ടില്ല . പദ്ധതിക്ക് 21-22 വർഷം 13.12.21 തീയതിയിലെ PLG/50/2021-22/DPC/DPO/TVPM നമ്പർ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും 22-23 വർഷം ഡി.പി.സി അംഗീകാരം നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കാരണം വ്യക്തമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (28/14.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രഷറി വഴി മാറിയ മേൽ തുക സുലേഖ സ്റ്റേറ്റ്മെൻറിലോ എ സി ആറിലോ ഉൾപ്പെടാത്തത് വളരെ ഗൌരവമായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ ചെലവ് വാർഷികധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതുമാണ്.

**1-22 ബാങ്ക് അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ, വെള്ളനാടുള്ള 67380145105 നമ്പർ അക്കൗണ്ടിൽ 31.03.2023 തീയ്യതിയിൽ 47488/- രൂപ നീക്കിയിരിപ്പുണ്ട്.സ്റ്റേറ്റ്മെന്റിൽ അക്കൌണ്ട് സ്റ്റാറ്റസ് Inoperative എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

20.05.2022 ൽ 46415/- രൂപ വരവായി ലഭ്യമായിട്ടുണ്ട് . ആയത് ഏതിനത്തിൽ ലഭ്യമായ തുകയാണെന്നും തുക ചെലവഴിക്കാത്തതിന് കാരണവും വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 13/11.12.2023 ) മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ലെങ്കിൽ പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-1365476 രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടവാക്കിയതുക (ബിൽ നമ്പർ ) | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | എസ്.എസ്.കെ വിഹിതം നല്കൽ | 200,000<br>Bill No.112/23 Dtd14.10.22 | ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ |
| 2 | ജില്ലാ ആസൂത്രണ സമിതി കെട്ടിടത്തിന് തുക കൈമാറൽ വിഹിതം | 100,000/-<br>Bill No.113/23 Dtd 14.10.22 | മെമ്പർ സെക്രട്ടറി ,ജില്ലാ ആസൂത്രണ സമിതി |
| 3 | IKM വിഹിതം നല്കൽ | 114927/-<br>Bill No.136/23 Dtd 28.10.22 | ഡയറക്ടർ ,ഐ.കെ.എം |
| 4 | ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 30832<br>Ch.no.940876/9.2.23 | KWA |
| 5 | കുഴൽ കിണർ നവീകരണം | 879082<br>Bill No.306/23 Dtd 7.2.23<br>Bill No.560 Dtd.31.3.23 | തുക നല്കിയത്-Ground Water Authority<br>പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമല്ല. |
| 6 | കുഴൽ കിണർ നിർമ്മാണം | 40635<br>Bill No.456/23 Dtd 22.3.23 | തുക നല്കിയത്-Ground Water Authority<br>പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമല്ല. |

മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണരേഖ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 40/15.12.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല.വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണരേഖ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 റോഡ് കണക്ടിവിറ്റി മാപ്പ് തയാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ.(എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ.)നം11/2018/ത.സ്വ.ഭ.വ, 29.01.18 ലെ ഖണ്ഡിക 7.13(1) പ്രകാരം, ഓരോ-തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായുള്ള സ്പിൽ ഓവർ പ്രോജക്ടായ 61/23 റോഡ് കണക്ടിവിറ്റി മാപ്പ് തയാറാക്കൽ എന്ന പ്രോജക്ട് 2022-23 വർഷം നടപ്പിലാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പിന്റെ വെരിഫിക്കേഷൻ ഘട്ടം നടന്നുവരുന്നു എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **( നം 14/12.12.2023 ) മറുപടി ലഭ്യമാക്കിയത് .**

**റോഡ് കണക്ടിവിറ്റി മാപ്പ് തയാറാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും റോഡ് പ്രവർത്തികൾ സർക്കാർ നിർദ്ദേശപ്രകാരം തയാറാക്കി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.**

## 1-25 മരാമത്ത് പ്രവൃത്തികൾ-രജിസ്റ്ററുകൾ/ഫയലുകൾ എന്നിവയുടെ പരിപാലനം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. ടെണ്ടർ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല (പൊതുമരാമത്ത് മാന്വൽ പാരാ 2009.1)

3. ഇ-ടെണ്ടറിന്റെ മുഴുവൻ വിശദാംശങ്ങളും ഫയലിൽ ഉൾപ്പെടുത്തുന്നില്ല.

5. എഗ്രിമെന്റ് രജിസ്റ്റർ പൂർണമല്ല.

എസ്റ്റിമേറ്റ് തുക,പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

6. എസ്റ്റിമേറ്റ് തയാറാക്കുന്നതിന് മുൻപ് പ്രവൃത്തി സ്ഥലത്ത് പോയി പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ്

തയാറാക്കാത്തത് കാരണം വലിയ ശതമാനം പ്രവൃത്തികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് വേണ്ടിവരുന്നുണ്ട്.

8. മിക്ക പ്രവൃത്തി ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

**9. കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി**

**പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക്**

**പരിപാലിക്കേണ്ടത്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ ഇപ്രകാരമുള്ള കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.**

**അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 35/15.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.**

**അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രജിസ്റ്ററുകളുടെ പരിപാലനം സംബന്ധിച്ച സർക്കാർഉത്തരവുകൾ പാലിക്കേണ്ടതുമാണ്.**

## 1-26 നികുതിയിനത്തിലെ തുകകൾ കുറവ് ചെയ്തത്- തുക ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

എസ്.ബി.ഐ ലൈഫ് വെള്ളനാട് അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്, വിവിധ പേയ്മെന്റ് വൌച്ചറുകൾ എന്നിവ പ്രകാരം സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിവിധ നികുതികൾ ഒടുക്കുന്നതിനായി നൽകിയ തുകയുടെ ഒടുക്കുവിവരം ലഭ്യമാക്കിയില്ല. തനത് ഫണ്ട് ( ജലജീവൻ മിഷൻഫണ്ട് ) വകയിരുത്തിയ വിവിധ മരാമത്ത് പ്രവർത്തികളുടെ കരാറുകാരനുള്ള തുക നേരിട്ടും , ആദായ നികുതി, ജി.എസ്.ടി ടിഡി എസ്, കെട്ടിടനിർമാണ ക്ഷേമനിധി എന്നീയിനങ്ങളിലെ തുകകൾ കണക്കാക്കി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കാഷ് ചെക്ക് നൽകുകയും ആയത് അസിസ്ററന്റ് എഞ്ചിനീയർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ( വൌച്ചറുകളുടെ കൈപ്പറ്റ് രസീതുകൾ അക്കൌണ്ടന്റ് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട് ) . അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൌണ്ട് നിലവിലുണ്ടായിരിക്കെ കാഷ് ചെക്ക് നൽകാനുണ്ടായ കാരണം വ്യക്തമല്ല.

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ തുകയുടെ വിശദാംശം (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ) ചുവടെ ചേർക്കുന്നു.

| എസ് ബി ഐ വെള്ളനാട് ബാങ്ക് അക്കൌണ്ട് നം 67382485378 | | | ചെക്ക് കൈപ്പറ്റിയ വ്യക്തി |
|---|---|---|---|
| തുക പിൻവലിച്ച തീയതി | തുക | ചെക്ക് നം , തീയതി | |
| 14.02.23 | 28484 | 5595/14.02.23 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 17.03.23 | 30471 | 5601/17.03.23 | |
| 31.03.23 | 20192 | 5609/31.03.23 | |
| | 79147 | | |

തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കുവരുത്തിയതിന്റെ രേഖകൾ,ജി.എസ്.ടി, ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റുകൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 21/13.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ , കൈപ്പറ്റിയ തുകയുടെ വിനിയോഗം ഉറപ്പുവരുത്താനായിട്ടില്ല. തുകയുടെ ഒടുക്കുവിവരം സംബന്ധിച്ച് തുടർനടപടികൾ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-27 തൊഴിലുറപ്പ് പദ്ധതിയിൽ ചികിത്സാചെലവിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കുപ്പ് ചെയ്തിട്ടില്ല

ധനകാര്യപത്രിക പ്രകാരം ( I14(F) ) ട്രീറ്റ്മെന്റ് എക്സ്പെൻസസ്- MGNREGA/AUEGS എന്നയിനത്തിൽ 12,000/-രൂപ (ജേണൽ വൌച്ചർ നം 42200098 / 21.05.2022 പ്രകാരം) ചെലവഴിച്ചിട്ടുണ്ട്.

09.05.2022 ലെ 4(4)-ാം നമ്പർ തീരുമാന പ്രകാരം ആര്യനാട് ഗ്രാമപഞ്ചായത്തിലെ കോട്ടയ്ക്കകം വാർഡിൽ തൊഴിലുറപ്പ് പദ്ധതിയ്ക്കിടെ പരിക്ക് പറ്റിയ ശ്രീമതി അംബികയുടെ ചികിത്സയ്ക്കായി 12,000/- രൂപ എൻ.ആർ.ഇ.ജി എസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകുകയും പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കുകയും ചെയ്തിരിക്കുന്നു. (വൌച്ചർ, ചെക്ക് നം 2327099/18.05.22 Rs 12000/-)

05.02.21 ലെ സർക്കുലർ നം ഡിഡി2/252/ 20 തസ്വഭവ പ്രകാരം ചികിത്സാ ചെലവ് എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ ഭരണചെലവിൽ നിന്നും വഹിക്കാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ചെലവുതുകMGNREGS ഫണ്ടിൽ നിന്നും റീക്കുപ്പ് ചെയ്തിട്ടില്ല. (ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ). ചികിത്സാചെലവിനത്തിലെ തുക റീക്കുപ്പ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം9/8.12.23 ) തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന യാതൊരുരേഖയും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

തുക റീക്കുപ്പ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 അതിദാരിദ്ര്യ ഉപപദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല - 21000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - അതിദാരിദ്ര ഉപപദ്ധതി മൈക്രോപ്ലാൻ (175/23)
അടങ്കൽ : 100,000/- (Plan General Fund)
ചെലവ് വിവരം – Bill No. 11/29.03.23 തുക 21,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

പഞ്ചായത്തിലെ അതിദരിദ്രരായ പതിമൂന്ന കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ പരിശോധനകളും മരുന്നകളും നൽകി അതിദാരിദ്ര്യം ഇടച്ചനീക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിപ്രകാരം 21000 രൂപ ആഷ് ഫർണിച്ചർ, കോട്ടൂർ എന്ന സ്ഥാപനത്തിന് Eway ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രം നൽകിയിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/14.12.23) അതിദരിദ്രരായി കണ്ടെത്തിയ ആളുകൾക്ക് മരുന്ന് ആവശ്യമില്ലാത്തതിനാലും ആശ്രയ,പാഥേയം പദ്ധതികളിൽ ഉൾപ്പെടുത്തി ഭക്ഷണം ലഭ്യമാക്കുകയും ചെയ്യുന്നതിനാൽ തുക ചെലവഴിക്കേണ്ടിവന്നില്ലായെന്നും അടിസ്ഥാനസൌകര്യം ഒരുക്കുന്നതിന് പദ്ധതി വിഭാവന ചെയ്തിട്ടുള്ളതിനാൽ ഭരണസമിതിയുടെ നിർദ്ദേശാനസരണം കിടക്ക ആവശ്യമുള്ള 6 പേർക്ക് കട്ടിൽ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും അറിയിച്ചിരിക്കുന്നു. ക്യാഷ് ബില്ല് ട്രഷറിയിൽ സമർപ്പിച്ചപ്പോൾ പകർപ്പ് എടുത്തുവയ്ക്കാൻ വിട്ടു പോയതെന്നാണ് അറിയിച്ചിരിക്കുന്നത്. മറുപടി അംഗീകരിക്കാവുന്നതല്ല.

A) അടിസ്ഥാനസൌകര്യം ഒരുക്കുന്നതിന് ടി പദ്ധതിയിൽ വിഭാവന ചെയ്തിട്ടില്ല.

B) എസ്റ്റിമേറ്റ് തുക 15000/-രൂപയ്ക്ക് മുകളിലാണെങ്കിൽ ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്.കട്ടിൽ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

C) വൃദ്ധർക്ക് കട്ടിൽ (116/23) എന്ന പദ്ധതിയ്ക്കായി മേൽ സ്ഥാപനം ഹാജരാക്കിയ സാമ്പിൾ പരിശോധിച്ച് ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ ലഭ്യമാക്കിയ കത്തിൽ കട്ടിൽ നിർമ്മിക്കുന്ന തടിയിൽ വെള്ളയുടെ ആധിക്യം കാണുന്നുവെന്നും ആയത് കാലക്രമേണ കട്ടിലുകൾ വേഗത്തിൽ നശിച്ചു പോകുവാനുള്ള സാധ്യതയുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗുണമേന്മ പരിശോധിച്ചുറപ്പുവരുത്താതെ കട്ടിൽ വാങ്ങിയിരിക്കുന്നു.

D) കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാലും ചെലവുരേഖകൾ ഹാജരാക്കാത്തതിനാലും 21000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 വാതിൽപടി സേവനം-സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല-731000രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്-വാതിൽപടി സേവനം -അടിസ്ഥാന സൗകര്യം ഒരുക്കൽ

പ്രോജക്ട് നമ്പർ-S0010/23

അടങ്കൽ തുക-731000

ചെലവ് തുക-731000 (Bill No.246/6.1.23 Amt-79164,Bill No.292/1.2.23 ,Amt-61848,Bill

No.518/28.3.23,amt-589988)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രായാധിക്യം,ഗുരുതരരോഗം അതിദാരിദ്ര്യം തുടങ്ങി പലവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവരുടെയും അറിവില്ലായ്മയും മറ്റ് നിസ്സായാവസ്ഥകളും മൂലം സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങളുടെയും അടുത്തേയ്ക്ക് സേവനങ്ങൾ കൂടുതൽ സുഗമവും കാര്യക്ഷമവും സമയബന്ധിതവുമായി എത്തിച്ചേരേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് മറ്റ് സന്നദ്ധസേവനദാതാക്കളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടു കൂടി കൂടുതൽ സേവനമേഖലകൾ ഉൾപ്പെടുത്തി സാമൂഹിക സന്നദ്ധസേനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ കാരണങ്ങളാൽ അവകാശപ്പെട്ട , സേവനങ്ങൾ ലഭിക്കാതെ പോകുന്ന ജനങ്ങൾക്ക് സന്നദ്ധസേനാംഗങ്ങളോ അനുബന്ധസേവനദാതാക്കളോ വീട്ടുകളിൽ നേരിട്ടെത്തി സർക്കാരിന്റെ സാമൂഹിക ക്ഷേമ സേവനങ്ങൾ ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ പ്രദാനം ചെയ്യുവാൻ ലക്ഷ്യമിട്ട് വാതിൽപടി സേവനം നടപ്പിലാക്കുന്നു. സ.ഉ.(സാധാ)നം.1821/2021തസ്വഭവ തീ.22.9.2021 പ്രകാരം വാതിൽ പടി സേവനം പദ്ധതിക്കായി ലാപ്പ്ടോപ്പ്, ഫർണ്ണിച്ചറുകൾ എന്നിവയ്ക്കായി ഒരു ലക്ഷം രൂപവരെ ചെലവഴിക്കാവുന്നതായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പദ്ധതിക്കായി 731000 /- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ ചെലവ് ACR Statement പ്രകാരം 731000 /- രൂപയും ചെലവ് പത്രിക(സുലേഖ പത്രിക പ്രകാരം) 651836രൂപയുമാണ്.അധിക തുക ചെലവഴിച്ചതിനും സർക്കാർ ഉത്തരവ് പാലിക്കാത്തതിനാലും ചെലവ് തുക തടസ്സപ്പെടുത്തുന്നു.പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 33 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-30 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല.

സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11(1) മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 219/23 | ആര്യനാട് പബ്ലിക് മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് നിർമാണം | 919030 | CFC, തനത് ഫണ്ട് |
| 2 | 56/23 | ഹോമിയോ | 39590 | മെയിന്റൻസ് |

| | | | | |
|---|---|---|---|---|
| | | ആശുപത്രി നവീകരണം | | ഫണ്ട് (റോഡിതരം ) |
| 3 | 58/23 | ആര്യനാട് പബ്ലിക് മാർക്കറ്റ് നവീകരണം ശുചീകരണം | 714100 | CFC, |
| 4 | 61/23 | റോഡ് കണക്ടിവിറ്റി മാപ്പ് തയാറാക്കൽ | 36000 | CFC |

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/11.12.2023 )മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പ്രോജക്ടുകൾ നടപ്പാക്കാനാകാത്തത് ആവശ്യകത നിർണയിച്ച് പദ്ധതികൾ തയാറാക്കാത്തത് കാരണമാണ്. മാർഗനിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ഇ-ടെണ്ടർ ഫോം വില തനത് ഫണ്ടിലേയ്ക്ക് ലഭ്യമായില്ല.

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത് (28/9/13-ലെ ജി.ഒ (എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് ) . 2022-23 വർഷം ഇ-ടെണ്ടറായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം, ഇ-ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുക, ഫീസിനത്തിൽ ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ തുടങ്ങിയവയുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യപത്രിക പ്രകാരം 2022-23 വർഷം ഇ-ടെണ്ടർ ഫീസിനത്തിലെ തുക പഞ്ചായത്തിന് ലഭ്യമായിട്ടുമില്ല.

ഇ-ടെണ്ടർ ഫീസിനത്തിൽ നാളിതുവരെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാകാനുള്ള മുഴുവൻ തുകയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തുടർനടപടിവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം 13/11.12.2023 )

## 1-32 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.പൂർണ്ണമാക്കിയ ആസ്തി രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 **ഖണ്ഡിക 3.22 ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.** സ.ഉ.(കൈ)നം.255/2013/തസ്വഭവ തീയതി 18.07.2013 പ്രകാരം ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ തൻവർഷം ആർജ്ജിച്ച ആസ്തികളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മെയിന്റനൻസ് വിവരങ്ങൾ യഥാസമയം ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല. ആസ്തികളുടെ കൃത്യമായ വിവരം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ പരിഷ്കരിച്ച് ഓഡിററിന് ലഭ്യമാക്കേണ്ടതാണ്.

## 1-33 ഗ്രാമകേന്ദ്രങ്ങൾക്ക് ലൈബ്രറി സംവിധാനം ഒരുക്കൽ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. 50000 -രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്- ഗ്രാമകേന്ദ്രങ്ങൾക്ക് ലൈബ്രറി സംവിധാനം ഒരുക്കൽ

പ്രോജക്ട് നമ്പർ-SO168/23

അടങ്കൽ തുക- 300000(വികസനഫണ്ട്SCP)

ചെലവ് തുക- 50000

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
ബിൽ നം-550/31.3.23

2022-23 സാമ്പത്തിക വർഷം ഗ്രാമകേന്ദ്രങ്ങൾക്ക് ലൈബ്രറി സംവിധാനം ഒരുക്കൽ എന്ന പദ്ധതി പ്രകാരം Kerala State Book Mark Society ൽ നിന്നും പുസ്തകം വാങ്ങി ഗ്രാമകേന്ദ്രങ്ങളിൽ ലൈബ്രറി സംവിധാനം ഒരുക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.പ്രസ്തുത പദ്ധതിയുടെ പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ,പുസ്തകങ്ങളുടെ വിവരം ,വിതരണരേഖ എന്നിവ പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.2022-23ന്റെ ഓഡിറ്റിന്റെ ഭാഗമായി വിവിധ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് 15/12/2023 ന് നടത്തിയ സ്ഥലപരിശോധനാ വേളയിൽ ഗ്രാമകേന്ദ്രങ്ങളിൽ (ഠൗൺ) നടത്തിയ പരിശോധനയിൽ, ഗ്രാമകേന്ദ്രങ്ങൾക്ക് ലൈബ്രറി സംവിധാനം ഒരുക്കൽ എന്ന പദ്ധതി പ്രകാരം വാങ്ങിയ പുസ്തകങ്ങൾ കണ്ടെത്താനായില്ല. പദ്ധതി പ്രകാരം വാങ്ങിയ പുസ്തകങ്ങൾ ഗ്രാമകേന്ദ്രത്തിലോ പഞ്ചായത്തിലോ സൂക്ഷിച്ചിട്ടില്ലാത്തതായി കണ്ടെത്താൻ കഴിഞ്ഞു. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവാക്കിയ 50000/-രൂപ തടസ്സപ്പെടുത്തുന്നു.പുസ്തകങ്ങളുടെ വിവരം ഉൾക്കൊള്ളുന്ന സ്റ്റോക്ക് രജിസ്റ്റർ ,വിതരണരേഖ,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 1-34 ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ലൈഫ് ഭവനപദ്ധതികളുടെ അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ 2021-22 സാമ്പത്തിക വർഷം കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക(തീയതി) |
|---|---|---|
| 1 | ശ്രീമതി.നസീറാ ബീവി<br>വാർഡ്-2 | 360000(8.3.22) |
| 2. | ശ്രീമതി.ബീന<br>വാർഡ്-8 | 360000 (18.7.22) |
| 3. | ശ്രീമതി.ഷൈലജ.ബി<br>വാർഡ്-12 | 360000 (29.10.22) |
| 4. | ശ്രീമതി.ഹസീന എസ്<br>വാർഡ്-16 | 360000 (29.10.22) |
| 5. | ശ്രീമതി.രജനി.കെ (SC)<br>വാർഡ്-5 | 360000 (22.12.22) |
| 6 | ശ്രീമതി.സുമതി .സി (SC)<br>വാർഡ്-18 | 200000 (6.12.21) |
| 7. | ശ്രീ.രമേശൻ(SC)<br>വാർഡ്- | 360000(22.12.22) |
| 8. | ശ്രീ.ഷാനവാസ്<br>വാർഡ്- | 100000(3.3.23) |
| 9. | ശ്രീമതി.കവിത.എസ്(SC)<br>വാർഡ്-18 | 40000(11.10.21) |
| 10. | ശ്രീ.അശോക് കുമാർ.റ്റി(SC)<br>വാർഡ്-18 | 360000 (21.3.22) |
| 11. | ശ്രീമതി.ഉഷ.എസ്(ST)<br>വാർഡ്- | 420000(22.3.23) |
| 12 | ശ്രീ.ബിനുകുമാർ(ST)<br>വാർഡ്-3 | 420000(17.3.23) |
| 13 | ശ്രീ.രതീഷ്.ആർ(ST)<br>വാർഡ്-3 | 420000(21.11.22) |
| 14 | ശ്രീമതി.രഞ്ചിനിമോൾ(ST)<br>വാർഡ്-3 | 540000(26.12.22) |
| 15 | ശ്രീ.മുരളീധരൻകാണി(ST)<br>വാർഡ്-3 | 210000 (2.2.23) |
| 16 | ശ്രീമതി.റീനാമോൾ(ST)<br>വാർഡ്-3 | 540000 (13.10.23) |

| | | |
|---|---|---|
| 17 | ശ്രീമതി.സന്ധ്യാറാണി(ST) വാർഡ്-3 | 540000 (13.10.23) |

മേൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ വീട് നിർമാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥൻ,ഭരണസമിതി -സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-35 ഇഞ്ചി, മഞ്ഞൾ കൃഷി -നടീൽ വസ്തുക്കൾ പൂർണമായും വിതരണം ചെയ്തിട്ടില്ല. 11,070/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം :100/23

ഇഞ്ചി, മഞ്ഞൾ കൃഷി എസ്.സി വനിതകൾക്ക്
അടങ്കൽ-120000/-(വികസനഫണ്ട് എസ് സി പി)

ചെലവ് : 119980/- രൂപ

നിർവഹണം - കൃഷി ഓഫീസർ

| ബിൽ നമ്പർ | തിയതി | തുക |
|---|---|---|
| 22020952004700806436 | 22/11/2022 | 116250/- |
| 22020952004701119231 | 01/02/2023 | 3730/- |

പ്രസ്തുത പ്രോജക്ട് പ്രകാരം 155 യൂണിറ്റ് വിത്തും (@500/-) , ജൈവ വളവും (@238/-) KAICO യിൽ നിന്നും വാങ്ങിയിട്ടുണ്ട് . അപേക്ഷകൾ, വിതരണ രജിസ്റ്റർ എന്നിവ പ്രകാരം 71 ഗുണഭോക്താക്കൾക്കായി 140 യൂണിറ്റ് വിത്തും വളവുമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 15 യൂണിറ്റ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:16, തിയതി: 12/12/23) വിതരണ രേഖകൾ പരിശോധിച്ച് മറുപടി നൽകുന്നതാണെന്നറിയിച്ചു. KAICO യുടെ ഇൻവോയ്സ് ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ടാക്സ് ഇൻവോയ്സ് ബിൽ ഹാജരാക്കാനാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. 15 യൂണിറ്റിന്റെ വിലയായ 11,070/- രൂപ +ജി.എസ്.ടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നടീൽ വസ്തുക്കൾ വിതരണം ചെയ്ത രേഖകളും ടാക്സ് ഇൻവോയ്സ് ബില്ലും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1) വിവിധ പ്രോജക്ടുകളിലായി സൂക്ഷിച്ചിട്ടുള്ള വിതരണ രജിസ്റ്ററിൽ എന്തൊക്കെയാണ് ഗുണഭോക്താവ് കൈപ്പറ്റിയിട്ടുള്ളത് എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. വിത്തും വളവും നൽകിയതിലൊന്നും ജൈവ വളം എത്ര കിലോഗ്രാം വീതമാണ് നൽകിയിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

2) ഇടവിളകൃഷിക്കായി കിഴങ്ങുവിളകളുടെ വിത്ത് KAICO യിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. KAICO യുടെ ബില്ലുകളിൽ എന്തൊക്കെ നടീൽ വസ്തുക്കളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. വിതരണ രജിസ്റ്ററിലും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3) KAICO യിൽ നിന്നും വാങ്ങിയിട്ടുള്ള സാധനങ്ങളുടെ ഇൻവോയ്സ് ബില്ലുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ടാക്സ് ഇൻവോയ്സ് ബിൽ ലഭ്യമാക്കിയിട്ടില്ല.

4) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കൾക്കല്ല ആനുകൂല്യം നൽകിയിട്ടുള്ളത്. കൃഷി ഓഫീസർ പദ്ധതി നിർവഹണം നടത്തിയ ശേഷം തയ്യാറാക്കിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചു നൽകുകയാണ് ചെയ്തിരിക്കുന്നത്.

KAICO യിൽ നിന്നും വാങ്ങിയ നടീൽ വസ്തുക്കൾ ,ജൈവവളം തുടങ്ങിയവയുടെ ടാക്സ് ഇൻവോയ്സ് ബില്ലുകൾ ലഭ്യമാക്കേണ്ടതും , വിതരണ രേഖകളിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-37 ബഡ്സ് സ്കൂൾ ആരംഭിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29/07/2009-ലെ ജി.ഒ.(എം.എസ്)നമ്പർ 148/2009/തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. ഇത്തരത്തിലുള്ള 49 കുട്ടികൾ പഞ്ചായത്തു പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെ ബഡ്സ്കൂൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികൾ സമൂഹത്തിൽ കൂടുതൽ പരിഗണന അർഹിക്കുന്നവരാണ് . ഇതു സബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 36 തിയതി: 15/12/23) മറുപടി ലഭ്യമാക്കിയില്ല. ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-38 പാഥേയം പദ്ധതി- 10.04 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

പദ്ധതി – പാഥേയം (110/23)

അടങ്കൽ : 300,000/- (Plan General Fund)

ചെലവ് വിവരം – Bill No. 340/15.02.23 – 3,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

അഗതികളും 60 വയസ്സിന് മുകളിൽ പ്രായമുള്ളവരും ഒരുനേരത്തെ ആഹാരം പോലും ലഭ്യമാകാത്തവരുമായ വയോജനങ്ങൾക്ക് ഒരുനേരത്തെ പാകം ചെയ്ത ആഹാരം കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതി. കുടുംബശ്രീ ഹാജരാക്കിയ പദ്ധതിയുടെ ചെലവ് രേഖകളും വൗച്ചറുകളും ക്യാഷ് ബുക്കും പരിശോധിച്ചതിൽ 31.03.23 ന് 10,04,303/-രൂപ നീക്കിയിരുപ്പ് ഉണ്ട്. തൻവർഷം ചെലവഴിച്ചതിൽ അവശേഷിക്കുന്ന തുക തിരിച്ചടക്കാൻ കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും നിർദ്ദേശമുണ്ടായിട്ടും തിരിച്ചടച്ചതായി കാണുന്നില്ല. മുൻവർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് ആനുപാതികമായി തുക വകയിരുത്തിയിട്ടും തുക അവശേഷിക്കാനുള്ള കാരണം വ്യക്തമല്ല. വിശദാംശങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/15.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീ ജില്ലാ മിഷൻ നിർദ്ദേശാനുസരണം തുക തിരിച്ചടയ്ക്കേണ്ടതാണ്. പദ്ധതി വിഹിതമുൾപ്പെടെയുള്ള തുകയാണ് കുടുംബശ്രീയുടെ അക്കൗണ്ടിൽ

അവശേഷിക്കുന്നത് എന്നതിനാൽ ഭരണസമിതി വിഷയത്തിൻമേൽ ഗൌരവമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**1-39 കുടുംബശ്രീ ഓണം വിപണന മേളയ്ക്ക് വികസന ഫണ്ട് - 20,000/- രൂപ തടസ്സപ്പെടുത്തുന്നു.**

പദ്ധതി – കുടുംബശ്രീ ഓണം വിപണന മേള (161/23)

അടങ്കൽ : 20,000/- (വികസനഫണ്ട്)

80,000/- (തനത് ഫണ്ട്)

ചെലവ് വിവരം – Bill No. 104/11.10.22-43000/-111/14.10.22-20000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

കുടുംബശ്രീ ഓണം വിപണന മേള സംഘടിപ്പിക്കുന്നതിനായി വികസന ഫണ്ടിൽനിന്ന് 20,000/- രൂപ നൽകിയിട്ടുണ്ട് . എന്നാൽ സ.ഉ.(കൈ) നം .115/2022/ത.സ്വ.ഭ.വ തീയതി 28.05.23 സബ്സിഡി , ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം കുടുംബശ്രീ ഓണം വിപണന മേള സംഘടിപ്പിക്കുന്നതിനായി വികസന ഫണ്ടിൽനിന്ന് തുക അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല. കുടുംബശ്രീയുമായി സംയോജിച്ച് വിപണന മേള സംഘടിപ്പിക്കുന്നതിനായി വികസന ഫണ്ട് ചെലവഴിക്കാമെന്നതിന് ആധാരമായ സർക്കാർ ഉത്തരവ് / സർക്കുലർ/ മാർഗ്ഗനിർദ്ദേശം ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം 38/15.12.23) വ്യക്തമായ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ തുക ചെലവഴിച്ചതിനാൽ കുടുംബശ്രീ ഓണം വിപണന മേള സംഘടിപ്പിക്കുന്നതിനായി വികസന ഫണ്ടിൽനിന്ന് അനുവദിച്ച 20,000/- രൂപ തടസ്സപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-40 വയോജനങ്ങൾക്ക് കട്ടിൽ - വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.**

പദ്ധതി– വയോജനങ്ങൾക്ക് കട്ടിൽ (116/23)

അടങ്കൽ : 136500/- (വികസന ഫണ്ട്, പൊതുവിഭാഗം-36500.ടി എസ് പി-100000)

ചെലവ് വിവരം – 136500

ബിൽ– 9/29.03.23 - 36500/-,8/29.3.23-49131/-

10/29.03.23 - 50863/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വയോജനങ്ങൾക്ക് കട്ടിൽ നല്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ കെ.പി.ഫർണ്ണിച്ചർ (3024/-) ഒളിബിയ ഇന്റീരിയർ (3050/-), ടൈടെക്ക് ട്രേഡേഴ്സ് (3359/-) , ആഷ് ഫർണിച്ചർ (3500/-), നരിക്കോട്ടിൽ ഡിസ്യട്രിബ്യൂട്ടേഴ്സ് (3590/-) എന്നീ സ്ഥാപനങ്ങൾ പങ്കെടുത്തു. തുടർന്ന് 08.02.23ലെ 1(9)ാം നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പിൽ ഹാജരാക്കണമെന്ന് കത്ത് നൽകുകയും ടൈടെക്ക് ട്രേഡേഴ്സ്, ആഷ് ഫർണിച്ചർഎന്നീ സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിളുകൾ ഗുണനിലവാരം പരിശോധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ആഷ് ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും 39 കട്ടിലുകൾ 3500/-രൂപ നിരക്കിൽ 136500/- യ്ക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1)പദ്ധതിയ്ക്കായി ക്ഷണിച്ച ടെണ്ടർ പരസ്യത്തിൽ സാമ്പിൽ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിരുന്നില്ല.

2) സാമ്പിൽ പരിശോധിച്ച് ലഭ്യമാക്കിയ പരുത്തിപ്പള്ളി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസറുടെ കത്തിൽ കട്ടിൽ നിർമ്മിക്കുന്ന തടിയിൽ വെള്ളയുടെ ആധിക്യം കാണുന്നുവെന്നും ആയത് കാലക്രമേണ കട്ടിലുകൾ വേഗത്തിൽ നശിച്ചു പോകുവാനുള്ള സാധ്യതയുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടും ആഷ് ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്ന് തന്നെ കട്ടിലുകൾ വാങ്ങാൻ തീരുമാനിക്കുന്നു.

3) തടിയുടെ വെള്ള ഉൾപ്പെടാതെ കട്ടിലുകൾ ലഭ്യമാക്കണമെന്ന കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കത്ത് നൽകിയതല്ലാതെ ഗുണമേന്മ ഉറപ്പുവരുത്താൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

4) സ്റ്റോക്ക് പരിശോധനയിൽ 39കട്ടിലുകൾ വാങ്ങിയതിൽ 1കട്ടിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിശോധനയിൽ 3കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു .

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (34/15.12.23) ലഭ്യമായ ടെണ്ടറുകളിൽ ഓരോ സ്ഥാപനവും രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ തമ്മിൽ വലിയ അന്തരം ഇല്ലാത്തതിനാലാണ് സ്ഥാപനങ്ങളിൽ നിന്നും സാമ്പിൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയതെന്നും ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസറുടെ കത്തിൽ പറഞ്ഞിട്ടുള്ള അപാകതകൾ പരിഹരിച്ചാണ് കട്ടിലുകൾ ലഭ്യമാക്കിയതെന്നും മോണിട്ടറിംഗ് സമിതി പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കട്ടിലുകൾ വിതരണം ചെയ്തതെന്നുമാണ് അറിയിച്ചിരിക്കുന്നത്. പദ്ധതികൾ ജനോപകാരപ്രദമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-41 ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭകളിൽ അംഗീകരിച്ച് പദ്ധതി നിർവഹണം നടത്തുന്നില്ല.**

പഞ്ചായത്തു നടപ്പിലാക്കുന്ന പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സ.ഉ(കൈ)നം:84/2022/ത.സ്വ.ഭ.വ തിയതി: 19/04/2022 ഖണ്ഡിക 12.3 പ്രകാരം മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ട വിധം ചുവടെ ചേർക്കുന്നു.

1)ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി നൽകേണ്ടത് ഗ്രാമപഞ്ചായത്തുകൾ വിളിച്ചു കൂട്ടുന്ന ഗ്രാമസഭകളാണ്. ആയതിന്റെ ക്രമം ചുവടെ ചേർക്കുന്നു.

2) അർഹരായ മുഴുവൻപേർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാന തിയതിയും സമയവും നിശ്ചയിച്ച് എല്ലാവിധ സാമൂഹ്യ സംഘടനകളിലൂടെയും അപേക്ഷാഫാറങ്ങൾ വിതരണം ചെയ്യണം.

3) അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായ അപേക്ഷകരുടെ കരട് ലിസ്റ്റ് അതാത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശസ്വയം ഭരണ സ്ഥാപനം തയ്യാറാക്കണം

4) അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ അപേക്ഷകരെയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം.

5) പ്രസ്തുത കരട് മുൻഗണനാലിസ്റ്റ് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിച്ച് പത്തു ദിവസത്തെ സമയം അനുവദിക്കണം.

6) ആക്ഷേപങ്ങൾ പരിഗണിച്ച് പരിഷ്കരിക്കുന്ന മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് മിനിട്ട്സിൽ തീരുമാനം രേഖപ്പെടുത്തണം.

7) ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് ക്രമം മാറ്റാതെ ഭരണ സമിതി അംഗീകാരം നൽകേണ്ടതാണ്

8) അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം.

9) ഗുണഭോക്താവിന് ആനുകൂല്യം നൽകുന്നതിനു മുൻപ് ഗുണഭോക്താവിന്റെ അർഹത നിർവഹണോദ്യോഗസ്ഥൻ ഫീൽഡ് ലെവൽ പരിശോധന നടത്തി അർഹത സംബന്ധിച്ച വിവരം സാക്ഷ്യപ്പെടുത്തി ആനുകൂല്യത്തിന് അർഹനാണെന്ന് ബോധ്യപ്പെട്ട ശേഷം മാത്രം ആനുകൂല്യം നൽകേണ്ടതാണ്.

10) തയ്യാറാക്കിയ മുൻഗണനാ ലിസ്ററിൽ എന്തെങ്കിലും മാറ്റം ആവശ്യമാണെന്ന് ബോധ്യമായാൽ ലിസ്റ്റിൽ കൂട്ടിച്ചേർക്കൽ നടത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയാകണം.

11) പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

മേൽ നിബന്ധനകൾ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിരിക്കെ കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നതും ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നതും ഈ മാനദണ്ഡങ്ങളൊന്നും പാലിക്കാതെയാണ്. ഉദാഹരണം ചുവടെ ചേർക്കുന്നു.

A) കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലൊന്നും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് നിർവഹണോദ്യോഗസ്ഥന് ഗ്രാമപഞ്ചായത്ത് നൽകിയിയതായി കാണുന്നില്ല. കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾക്കായി 1972483/-രൂപ 2022-23 ൽ ചെലവഴിച്ചിട്ടുണ്ട്. കൃഷി ഓഫീസർ അപേക്ഷ സ്വീകരിച്ച് ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ ലിസ്ററ് തയ്യാറാക്കി നൽകിയത് ഭരണ സമിതി അംഗീകരിച്ച് നൽകിയിരിക്കുന്നു. ഗ്രാമസഭയുടെ മിനിട്ട്സിൽ വളരെ കുറച്ച് പേരുകൾ ഗുണഭോക്താക്കളുടെതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളാരും ആനുകൂല്യം നൽകിയ ലിസ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമസഭ മിനിട്ട്സിൽ ആനുകൂല്യം ആവശ്യമുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്താത്തതിനാലാണ് ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടായിരിക്കുന്നത്. ഗ്രാമസഭകൾക്ക് ആവശ്യമായ പ്രാധാന്യം നൽകാത്തതും ഇത്തരത്തിലുള്ള അപാകതകൾക്കു കാരണമാകും. വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭാ കോഒർഡിനേറ്റർ എന്നിവരുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാലാണ് യഥാസമയം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭയിൽ അംഗീകരിക്കാൻ കഴിയാതെ പോയത്. 2023-24 വർഷത്തെ പ്രോജക്ടിലും കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് ആവശ്യമായ എണ്ണം ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഗുണോഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇതു സബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 12 തിയതി: 11/12/23) മറുപടി ലഭ്യമാക്കിയില്ല.

കൃഷിയുമായി ബന്ധമുള്ള അംഗങ്ങളെ (കർഷകരെ) കാർഷിക വികസന വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്താൻ ഭരണ സമിതി പ്രാധാന്യം നൽകേണ്ടതാണ്. എല്ലാ മേഖലയിലുമുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ എണ്ണം ഗുണഭോക്താക്കളെ ഉൾപ്പെടുത്തി യഥാസമയം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭയിൽ അംഗീകരിച്ച് നിർവഹണോദ്യോഗസ്ഥർക്ക് കൈമാറുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-42 PMAY വിഹിതം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-2370000 രൂപ തടസ്സപ്പെടുത്തുന്നു.

PMAY വിഹിതം എന്ന പദ്ധതികളുമായി ബന്ധപ്പെട്ട് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് തുക നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടുകളുടെ വിവരം | ചെലവ് വിവരം |
|---|---|---|
| 1 | ആവാസ് പ്ലസ് (പി.എം.എ.വൈ വിഹിതം)<br>പ്രോജക്ട് നമ്പർ-101/23<br>അടങ്കൽ തുക-1190000/- | ചെലവ്തുക-1050000<br>Bill No.10/23 Dtd. 31.12.22,Amt-140000<br>Bill No.5/23 Dtd. 29.10.22,Amt-910000 |
| 2. | ആവാസ് പ്ലസ് (പി.എം.എ.വൈ വിഹിതം)എസ്.സി<br>പ്രോജക്ട് നമ്പർ-104/23<br>അടങ്കൽ തുക-1080000/- | ചെലവ് തുക-1080000/-<br>Bill No.7/23 Dtd. 29.10.22 Amt-945000<br>Bill No.10/23 Dtd.23.1.23,Amt-135000 |
| 3 | ആവാസ് പ്ലസ് (പി.എം.എ.വൈ വിഹിതം) എസ്.റ്റി<br>പ്രോജക്ട് നമ്പർ-105/23<br>അടങ്കൽ തുക-240000/- | ചെലവ് തുക-2,40,000<br>Bill No.6/23 Dtd. 29.10.22,Amt-50,000<br>Bill No.8/23 Dtd. 29.10.22,Amt-120,000<br>Bill No.9/23 Dtd. 29.10.22,Amt-70,000 |
| **ആകെ - 2370000/-രൂപ** | | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 106/23 , ലൈഫ് മിഷൻ പദ്ധതി പട്ടികവർഗം | 240000 | 170000 |
| | 99/23 ലൈഫ് മിഷൻ പദ്ധതി പട്ടികജാതി (2022-23) | 1200000 | 1200000 |
| | 87/23 മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ സ്നേഹസ്പർശം | 349125 | 297875 |
| | 14/23ഗോത്രസാരഥി പദ്ധതി | 150000 | 150000 |
| | 49/23,ലൈഫ് ഭവനപദ്ധതി പട്ടികജാതി | 1161840 | 40000 |
| | 73/23, ക്ഷീരസമൃദ്ധി | 500000 | 500000 |
| ആകെ | | | 2357875 |
| ജില്ലാ പഞ്ചായത്ത് | 99/23 ലൈഫ് മിഷൻ പദ്ധതി പട്ടികജാതി (2022-23) | 1200000 | 1180000 |
| | 87/23 മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ സ്നേഹസ്പർശം | 349125 | 297875 |
| | 48/23,ലൈഫ് മിഷൻ പദ്ധതി | 1560000 | 530000 |

| | | | |
|---|---|---|---|
| | (2021-22) | | |
| | 50/23, ലൈഫ് ഭവനപദ്ധതി പട്ടികവർഗം | 200000 | 60000 |
| | 49/23,ലൈഫ് ഭവനപദ്ധതി പട്ടികജാതി | 2696310 | 60000 |
| | 73/23, ക്ഷീരസമൃദ്ധി | 400000 | 31256 |
| ആകെ | | | 2159131 |

ധനകാര്യപത്രിക പ്രകാരം

| | മുന്നിരിപ്പ് (2021-22 , B-4 ഷെഡ്യൂൾ ) | വരവ് (I6 പ്രകാരം ) | ആകെ | ചെലവ് (സുലേഖ പത്രിക പ്രകാരം ) | നീക്കിയിരിപ്പ് (2022-23 , B-4 ഷെഡ്യൂൾ ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1127757 | 2357875 | 3485632 | 2357875 | 1127757 |
| ജില്ലാ പഞ്ചായത്ത് | 1697136 | 2159131 | 3856267 | 2159131 | 1697136 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| സ്ഥാപനം | നൽകിയ തുക | തിരികെ ലഭിച്ച തുക / വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുക | ചെലവഴിക്കാനവശേഷിക്കുന്ന തുക |
|---|---|---|---|
| കേരള ഭൂജല വകുപ്പ് 4/23 കുഴൽ കിണർ നവീകരണം | 879082 | - | 879082 |
| കേരള ഭൂജല വകുപ്പ് 2/23 കുഴൽ കിണർ നവീകരണം | 989196 | - | 989196 |
| ആകെ | 1868278 | - | 1868278 |
| കെ എസ് ഇ ബി 235/23 ഗതാഗത തടസ്സം സൃഷ്ടിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 30832 | - | 30832 |

**ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ**

**( ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ലെഡ്ജറുകൾ പ്രകാരം )**

| സ്ഥാപനം | മുന്നിരിപ്പ് | തിരികെ | നൽകിയ | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | ലഭ്യമായ തുക | തുക | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 5281484 | - | - | 5281484 |
| കേരള വാട്ടർ അതോറിറ്റി | 4859688 | - | - | 4859688 |
| കേരള ഭൂജലവകുപ്പ് | - | - | 1868278 | 1868278 |
| Other Authorised Agencies | 14887625 | - | | 14887625 |

കെ.എസ്.ഇ.ബി യ്ക്ക് ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയ തുകയുടെ (30832/-) വിവരങ്ങൾ ധനകാര്യപത്രികയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക (ലെഡ്ജർ പ്രകാരം ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി | ലഭ്യമല്ല | 53304012 | 13980000 | *8321471 | 58962541 |

***ലെഡ്ജർ പ്രകാരം (330500201) ചെലവിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് 8321471/- എന്നാണ് . പ്രോജക്ട് നം 48,49 എന്നിവ പ്രകാരം യഥാക്രമം 380,000/-രൂപ, 180,000/- രൂപയുടെ ചെലവുകൾ കൂടി Secured Loansഎന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സുലേഖ പത്രിക പ്രകാരമുള്ള ചെലവ് 7761471/- രൂപ മാത്രമാണ്.**

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ഇല്ല**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 26534785 |
| ഓഡിറ്റ് വർഷത്തെ വരവ് | 123272655 |
| ആകെ | 149807440 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 65927872 |
| നീക്കിയിരിപ്പ് | 83879568 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | 4618546 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| | ഇല്ല | |

**സി) ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 50,000 | ശ്രീ.സുരേഷ്,ഹെഡ്മാസ്റ്റർ |
| 1-23 | 1365476 | ശ്രീമതി.മേബിൾ ഷീല.ജി, സെക്രട്ടറി |
| 1-28 | 21000 | ശ്രീ.ജോൺ.കെ.സ്റ്റീഫൻ, അസി.സെക്രട്ടറി |
| 1-29 | 731000 | ശ്രീമതി.മേബിൾഷീല.ജി, സെക്രട്ടറി |
| 1-33 | 50000 | ശ്രീമതി.മേബിൾഷീല.ജി, സെക്രട്ടറി |
| 1-35 | 11070 | ശ്രീ.ദിലീപ് കുമാർ, കൃഷി ഓഫീസർ |
| 1-39 | 20000 | ശ്രീമതി.ലിമ, അസി.സെക്രട്ടറി |
| 1-42 | 1050000 | ശ്രീ പ്രദീപ് , വി.ഇ.ഒ |
| | 1320000 | ശ്രീമതി.കുമാരി കൃഷ്ണ, എൽ.വി.ഒ |
| **ആകെ** | **4618546/-രൂപ** | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.മേബിൾ ഷീല.ജി,സെക്രട്ടറി | സെക്രട്ടറി, ആര്യനാട് ഗ്രാമ പഞ്ചായത്ത് | നീറ്റാണി,എൻ എൻ 6 ,നീതി നഗർ,പേരൂർക്കട |
| 2. | ശ്രീ.സുരേഷ്,ഹെഡ്മാസ്റ്റർ | ആര്യനാട് ഗ്രാമ പഞ്ചായത്ത് | തീർത്ഥം,ഇറവൂർ.ആര്യനാട് |
| 3 | ശ്രീ.ജോൺ കെ.സ്റ്റീഫൻഅസി.സെക്രട്ടറി | ആര്യനാട് ഗ്രാമ പഞ്ചായത്ത് | ബെത്ലഹേം,പുളിമൂട്,കുളപ്പട |
| 4 | ശ്രീമതി.ലിമ, അസി.സെക്രട്ടറി | പൂവച്ചൽ ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |

| | | | |
|---|---|---|---|
| 5 | ശ്രീ.ദിലീപ് കുമാർ,കൃഷി ഓഫീസർ | ആര്യനാട് ഗ്രാമ പഞ്ചായത്ത് | കൈലാസം,കാരോട്ട്കോണം, മലയിൻകീഴ് |
| 6 | ശ്രീ പ്രദീപ് ,വി.ഇ.ഒ | ആര്യനാട് ഗ്രാമ പഞ്ചായത്ത് | ഇന്ദ്രധാര,ആനാകോട്, വീരണകാവ് |
| 7 | ശ്രീമതി.കുമാരി കൃഷ്ണ,എൽ.വി.ഒ | വിതുര ഗ്രാമ പഞ്ചായത്ത് | ശ്രീദുർഗ്ഗ, അരശ് പറമ്പ്, വാളിക്കോട്, നെടുമങ്ങാട് |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /526/2022 തീയതി. 22.10.2022 | 3-6 (ബി മുതൽ ജി വരെ) |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /526/2022 തീയതി. 22.10.2022 | 3-7 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /526/2022 തീയതി. 22.10.2022 | 11 എണ്ണം (2.1, 2.2, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /526/2022 തീയതി. 22.10.2022 | 2എണ്ണം (2.1, 3.6) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /526/2022 തീയതി. 22.10.2022 | 4എണ്ണം (3.1, 3.3, 3.9, 3.12) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5 /1177/2018 തീയതി. 09.12.2018 | 17 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5 /2030/2018തീയതി. 19.10.17 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5 /2007/2018 തീയതി. 01.05.2018 | 28 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5 /1862/2019 തീയതി. 25.06.2020 | 34 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5 /1862/2019 തീയതി. 25.06.2020 | 30 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1 /1152/2021 തീയതി. 09.09.2021 | 25 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /206/2023 തീയതി. 28.03.23 | 36 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

ബി.റ്റി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 10-08-2023 and submitted on 10-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Aryanadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Aryanadu Grama Panchayat for the year 2022-2023

**Date: 26/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Aryanadu Grama Panchayat for the Year 2022-2023 .

**1.Major Observations**

nil

**2.Other Observations**

1. Annual financial statements are not submitted within the prescribed time.
The Annual Financial Statements for the year 2022-23 had to be submitted within 4 months after the completion of financial year but the AFS has been approved by the Committee and submitted for audit through AIMS software only on 10.08.2023.

2. Mandatory financial statements prescribed in accounting rules are not submitted for audit

Eg- Notes on accounts, Financial Ratios

3. All Schedules of annual accounts have not been submitted.

Eg- Schedule B1 containing the adjusted operating result for the current year has not been submitted.

4. Cash flow statement-Net increase /decrease in cashflow does not match with the net cash generated by operating, investing and financing activities.

5. Grant amounts remaining to be spent as per the AFS does not match with bank accounts where they have been deposited.

The closing balance (as per RP40-b) of MGNREGS accounts is Rs. 11,254/- .But as per balance sheet B4 schedule the balance is Rs 18,851/-

6. Cheque Deposited - No evidence of credit in bank available.
As per reconciliation statement of LGTSB treasury account ( February 2023) , Cheques deposited but not credited include overdue cheques for collection.

Details given below-

| Instrument No , Date | Amount | Deposit Head |
|---|---|---|
| 1220000103/24-08-2022 | 21,862 | Contractors retension |
| 1220000102/19.08.2022 | 34,350 | Profession tax exployees |
| 1220000096 /01-08-2022 | 4,287 | Amount payable to other creditors |
| 1220000109/27.08.22 | 270 | Service charge collected |
| Total | 60,769/- | |

The details of receipt of the above Rs 60769/- in bank account should be provided.

7. All receipts registers maintained in handwritten form should be tallied on demand basis and page basis, closed at the end of the month and reconciled with the respective ledgers, summarized at the end of the year and kept attested by the secretary.

Presently, the market stall entry register, profession tax register, license register, register of registration of paramedical institutions and license register are not kept in a concise manner.

8. No provision has been recorded against the outstanding amount.

No provision has been made in Schedule B9 of the balance sheet for expenses that cannot be met within the financial year (eg honorarium of representatives in March 2023, fuel expenses etc.).

9. Demand entries are not recorded in time

10. As per Rule 17(2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income to be accrued by the Gram Panchayat is to be recorded by way of journal entry. But the demand for property tax and profession tax has not been made monthly. The entry is recorded only at the end of the year 2022-23.

11. The amount spent on creation of assets has not been transferred to the head ÂÂÂ**Capital Contribution**ÂÂÂ.

Some examples are given below.

| Project No, Name | Implementing Officer | Expenditure amount |
|---|---|---|
| 218/23 Take A break | Assistant Engineer | 781423 |
| 242/23, Purchase of computer and related equipment for Panchayat Office | Secretary | 202806 |

12. Receipt entered under wrong head.

According to RP 4 (140500209) Rs. 5 crores have been recorded as income under Restoration charges for road cutting. The said amount, which should have been included under the liability head in the financial statement, has been brought under the head starting with 1 (receipt head).

The amount is not recorded in the liability head. Also the amount after expenditure is not recorded in the balance sheet (B4).

13. Necessary records are not maintained to validate the journal vouchers.

Rs. 2,60,043/- has been recorded as expenditure under Benificiary Contribution Utilised vide Journal Voucher No. 42201558/ 31.03.2023. But the expenditurefor the year 2022-23 as per Sulekha statement is 225788/-. The difference is Rs.34,255/-. No documents have been made available to substantiate the expenditure.

14. According to the financial statement, the amount partially paid (Capital work in progress) for the year 2022-23 through various projects for asset construction is recorded as 51,18,883/-. The Assistant Engineer has not made the Part Bill Statement available to verify the correctness of the same.

15. The details of the account attached below in the name of the Secretary are not included in the Financial Statement (in RP40 B).

| Account No. | Account Open date |
|---|---|
| Federal Bank Aryanad Branch- 1935010087764 | 17.03.2023 |
| Kanara Bank , Aryanad Branch , 110042885784 | 22.03.2023 |

16. The details of the following accounts included in the financial statements have not been made available for audit.

| Account No. | Closing balance |
|---|---|
| Co-Op bank account of own revenue fund | 2291113 |
| Canara Bank Rurban Mission(1466101037782) | 0 |

17. The amounts in the annual accounts and the sums entered in the respective registers do not match

As per the advance register maintained by NREGS, the amount to be recouped to Panchayat Fund is Rs.19,83,861/-. But in the financial statement it is recorded as 24,76,632/-.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്